# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എലപ്പുള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ (പി.കെ.ഡി)പി-11/1721/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 06/12/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എലപ്പുള്ളി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ (പി.കെ.ഡി)പി-11/1721/23 തീയ്യതി: 06/12/2023

## പാലക്കാട് ജില്ലയിലെ എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-02-2023 മുതൽ 10-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ രാം മനോഹർ.വികെ | ഡെപ്യൂട്ടി ഡയറക്ടർ | 11-10-2023 | 19-10-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-10-2023 | 19-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി പ്രീത.യു., ഓഡിറ്റ് ഓഫീസർ

ശ്രീ.രാമകൃഷ്ണൻ.കെ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി അനില സി.എസ് സീനീയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി അനിത.കെ, ഓഡിറ്റർ

ശ്രീ. സന്ദീപ്.കെ.വി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രേവതി ബാബു | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ ഗോപാലകൃഷ്ണ പിള്ള | സെക്രട്ടറി | 01-04-2022 | 28-09-2022 |
| ശ്രീമതി സുമ എസ്.എൽ | സെക്രട്ടറി | 29-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി നന്ദിനി സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 19-10-2022 |
| ശ്രീമതി സ്മിത എസ് നായർ | അസിസ്റ്റന്റ് സെക്രട്ടറി | 20-10-2022 | 31-03-2023 |
| ശ്രീ വിനോദ് കുമാർ ബി.എസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ദാമോദരൻ എൻ | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ഡോ. ആര്യ സി അർജ്ജുൻ | മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി | 01-04-2022 | 24-09-2022 |
| ഡോ.അനിത പൊന്നുക്കുട്ടി | മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി | 25-09-2022 | 13-11-2022 |
| ഡോ. ആര്യ സി അർജ്ജുൻ | മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി | 14-11-2022 | 28-11-2022 |
| ഡോ.അനിത പൊന്നുക്കുട്ടി | മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി | 29-11-2022 | 31-03-2023 |
| ഡോ. സീമ എം ചന്ദ്രൻ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ഡോ. സുനിത ആർ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീ ഷമീർ കെ.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 30-09-2022 |
| ശ്രീ രവി വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-10-2022 | 26-12-2022 |
| ശ്രീമതി നീതു.എ | അസിസ്റ്റന്റ് എഞ്ചിനീയർ | 27-12-2022 | 31-03-2023 |
| ശ്രീമതി ലളിത സി | വി.ഇ.ഒ 1 | 01-04-2022 | 31-03-2023 |
| ശ്രീ മൂർത്തി | വി.ഇ.ഒ-2 | 01-04-2022 | 06-08-2022 |
| ശ്രീമതി സുജിഷ | വി.ഇ.ഒ-2 | 07-08-2022 | 31-03-2023 |
| ശ്രീമതി മഹേശ്വരി | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി പ്രിയങ്ക യു.ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ ബാലകുമാർ | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കേഷൻ | 1-1 |
| 2 | അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - അപാകതകൾ | 1-1-2 |
| 4 | ഇൻവെസ്റ്റ്മെന്റ് -രജിസ്റ്റർ, ബാലൻസ് ഷീറ്റ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള വരവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | CFC-ടൈഡ്, അൺടൈഡ് ഫണ്ടുകളുടെ ഇനം തിരിച്ചുള്ള ചെലവുകൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല | 1-1-5 |
| 7 | ആസ്തി വിവരങ്ങൾ കാലികമാക്കി ILGMSഉമായി ബന്ധിപ്പിച്ചിട്ടില്ല | 1-1-6 |
| 8 | Capital Work In Progress – മൂല്യം 0 ആയി ഉൾപ്പെടുത്തിയിരിക്കുന്നു | 1-1-7 |
| 9 | Accumulated Depreciation – നിശ്ചിത നിരക്കിൽ കണക്കാക്കിയിട്ടില്ല | 1-1-8 |
| 10 | ഡിമാന്റുകൾ ഉത്ഭവിക്കുന്ന സമയത്ത് തന്നെ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല | 1-1-9 |
| 11 | Prior Period Income & Expenditure -വിവിധ ഷെഡ്യൂളുകളിൽ വ്യത്യസ്തമാണ്. | 1-1-10 |
| 12 | ഭരണപരമായ മറ്റ് ചെലവുകൾ അസാധാരണ ചെലവുകളുടെ ഹെഡ്ഡിൽ ഉൾപ്പെടുത്തി | 1-1-11 |
| 13 | സംയുക്ത പദ്ധതികൾക്കായി ലഭ്യമായ ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ സമയബന്ധിതമായി വിനിയോഗിച്ചിട്ടില്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഗ്രാന്റ് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമപദ്ധതികൾ | 1-7 |
| 20 | കാഷ് പരിശോധന | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | 2023 ലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ | 1-11 |
| 24 | വസ്തു നികുതി അപാകതകൾ | 1-12 |
| 25 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു | 1-12-1 |
| 26 | ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ജഗദാംബിക തിയേറ്ററിൽ നിന്നും വിനോദ നികുതി ഈടാക്കുന്നില്ല. | 1-13 |
| 27 | സിനിമാട്ടോഗ്രാഫി ലൈസൻസ് എടുക്കാതെ തിയറ്റർ പ്രവർത്തിക്കുന്നു. | 1-13-1 |
| 28 | നികുതി നിർണയിക്കാതെ ഹോം സ്റ്റേ പ്രവർത്തിക്കുന്നു. | 1-14 |
| 29 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് -അപാകതകൾ | 1-15 |
| 30 | ലൈസൻസ് ഇല്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നു | 1-15-1 |
| 31 | സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് പുതുക്കുന്നില്ല | 1-15-2 |
| 32 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു | 1-15-3 |
| 33 | പഞ്ചായത്തിന്റെ പരിധിയിലുള്ള ഫ്യുവൽ സ്റ്റേഷൻ വർഷങ്ങളായി ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു. | 1-15-4 |
| 34 | റസ്റ്റോറേഷൻ അനുമതി -അപാകതകൾ | 1-16 |
| 35 | അധിക പെർമിറ്റ് ഫീസ് ഈടാക്കി | 1-17 |
| 36 | വാട്ടർ ചാർജ് -കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-18 |
| 37 | തെരുവു വിളക്ക് മെയിന്റനൻസ് - കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കി | 1-19 |
| 38 | മെർക്കുറി ലൈറ്റുകൾ മാറ്റി എൽ.ഇ.ഡി ലൈറ്റാക്കി മാറ്റൽ - കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കി | 1-20 |

| | | |
|---|---|---|
| 39 | തെരുവു വിളക്ക് മെയിന്റനൻസ് സാധനങ്ങൾ വാങ്ങൽ - അംഗീകരിച്ച നിരക്കിലും അധികം തുക നൽകി | 1-21 |
| 40 | ഗ്രാമീണ പഠന കേന്ദ്രം- നിർമ്മാണത്തിലെ അപാകതകൾ | 1-22 |
| 41 | ഗ്രാമപഞ്ചായത്ത് ഓഫീസിൽ ക്യാബിൻ സജ്ജീകരണം- അക്രഡിറ്റഡ് ഏജൻസി മാർഗ്ഗരേഖ പാലിച്ചില്ല. | 1-23 |
| 42 | ആംബുലൻസ് വാങ്ങൽ -സപ്ലെയറിൽനിന്നും ജി.എസ്.ടി കുറവ് ചെയ്തിട്ടില്ല. | 1-24 |
| 43 | ആദായ നികുതി ഈടാക്കിയിട്ടില്ല | 1-25 |
| 44 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് - സപ്ലെയറിൽനിന്നും ജി.എസ്.ടി കുറവ് ചെയ്തിട്ടില്ല. | 1-26 |
| 45 | ഭിന്നശേഷിക്കാർക്ക് ബങ്ക് നിർമ്മിച്ച് നൽകൽ - പ്രൊക്യൂർമെന്റ് നടപടികൾ പാലിച്ചിട്ടില്ല | 1-27 |
| 46 | വൃദ്ധർക്ക് കട്ടിൽ - നടപടികളിലെ അപാകങ്ങൾ | 1-28 |
| 47 | ശൗചാലയ നിർമ്മാണം - പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല | 1-29 |
| 48 | മരുന്നു വാങ്ങൽ– കൈമാറിയ മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമായിട്ടില്ല | 1-30 |
| 49 | സാമൂഹ്യസുരക്ഷാ മിഷനിലേക്ക് തുക നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 1-31 |
| 50 | നെൽകൃഷിക്ക് കൂലിചെലവ് - പരമാവധി ധനസഹായം ഉറപ്പുവരുത്തേണ്ടതാണ് | 1-32 |
| 51 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-വിവിധ ഫണ്ടുകളുടെ വകയിരുത്തൽ, ചെലവ് | 1-33 |
| 52 | റോഡ്, റോഡിതര മെയ്ന്റനൻസ് ഫണ്ട് വകയിരുത്തൽ, ചെലവ് -ആസ്തി സംരക്ഷണ പദ്ധതിയുടെ അടിസ്ഥാനത്തിലല്ല | 1-34 |
| 53 | പാർട്ട് ബിൽ തുക കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിക്കാത്തത്-തുടർനടപടികൾ ആവശ്യപ്പെടുന്നു | 1-35 |
| 54 | ടേക്ക് എ ബ്രേക്ക് പദ്ധതികൾ - തുടർ മോണിട്ടറിങ്ങ് നടത്തേണ്ടതാണ് | 1-36 |
| 55 | കുടിവെള്ളപദ്ധതി ഗുണഭോക്തൃസമിതിക്ക് കൈമാറേണ്ടതാണ് | 1-37 |
| 56 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലതാമസം - പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല | 1-38 |
| 57 | ഇ-ടെണ്ടർ ഫീ തനതുഫണ്ടിലേക്ക് അടവാക്കേണ്ടതാണ് | 1-39 |
| 58 | അസാധാരണ ചെലവുകൾ– പരിധി പാലിക്കേണ്ടതാണ് | 1-40 |
| 59 | വാഹനത്തിന്റെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ് | 1-41 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | തെരുവു വിളക്ക് മെയിന്റനൻസ് - കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കിയതുമൂലം 116191 രൂപയുടെ നഷ്ടം | 3-1 |
| 2 | മെർക്കുറി ലൈറ്റുകൾ മാറ്റി എൽ.ഇ.ഡി ലൈറ്റാക്കി മാറ്റൽ - കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കിയതുമൂലം 126300 രൂപയുടെ നഷ്ടം | 3-2 |
| 3 | തെരുവു വിളക്ക് മെയിന്റനൻസ് സാധനങ്ങൾ വാങ്ങൽ - അംഗീകരിച്ച നിരക്കിലും അധികം തുക നൽകി | 3-3 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്കായി ലഭ്യമായ ഫണ്ടുകളുടെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| | അനുബന്ധം | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക കണക്കുകൾ– സംക്ഷിപ്തം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കേഷൻ

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 3(1)/27.07.23 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 21-08-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ** മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ** 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : പാലക്കാട്

തിയതി : 06.12.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ - അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ - പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് - അടിസ്ഥാന അനുപാതങ്ങൾ

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - അപാകതകൾ

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-) 4978745 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 23874631രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-3 ഇൻവെസ്റ്റ്മെന്റ് -രജിസ്റ്റർ, ബാലൻസ് ഷീറ്റ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല**

ഇൻവെസ്റ്റ്മെന്റ് - രജിസ്റ്റർ പ്രകാരം ഇൻവെസ്റ്റ്മെന്റ് 24249800/- രൂപയും, ബാലൻസ് ഷീറ്റ് പ്രകാരം 23052977/-രൂപയുമണ്. വാർഷിക കണക്ക് പ്രകാരമുള്ള തുകയിൽ പലിശ 1195069രൂപ ഉൾപ്പെടുത്തിട്ടിയില്ല. പ്രസ്തുത വ്യത്യാസത്തിനു പുറമെ 1754/- രൂപയുടെ വ്യത്യാസവും രജിസ്റ്ററുമായി നിലനിൽക്കുന്നു.

**1-1-4 ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള വരവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.**

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ Contractors Retention തൻവർഷത്തെ വരവ് തുക രജിസ്റ്ററിലും വാർഷിക കണക്കിലും പൊരുത്തപ്പെടുന്നില്ല.

| AFS | രജിസ്റ്റർ |
|---|---|
| 131216 | 161018 |

ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരുപ്പിൽ വ്യത്യാസമില്ല.

**1-1-5 CFC-ടൈഡ്, അൺടൈഡ് ഫണ്ടുകളുടെ ഇനം തിരിച്ചുള്ള ചെലവുകൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല**

CFC- നീക്കിയിരുപ്പ് ബാലൻസ് ഷീറ്റ് B-17 ,RP Schedule 40(b) എന്നിവ പ്രകാരം 10549694/- ആണ്. എന്നാൽ ഷെഡ്യൂൾ B-4 പ്രകാരം ആയത് 8592449/-(Basic Tax Grant – 2722377, Tied Grant – 5870072). ട്രഷറി, ബാങ്ക് വരവ് ചെലവുകൾ ഇനം തിരിച്ച് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ടൈഡ്, അൺടൈഡ് ഫണ്ടുകളുടെ ഇനം തിരിച്ചുള്ള ചെലവുകൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല.

**1-1-6 ആസ്തി വിവരങ്ങൾ കാലികമാക്കി ILGMSഉമായി ബന്ധിപ്പിച്ചിട്ടില്ല**

ആസ്തി വിവരങ്ങൾ കാലികമാക്കി ILGMSഉമായി ബന്ധിപ്പിക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11-Fixed Assets, B-11(a) - Accumulated Depreciation , B-11(e)- Capital Expenses (Infrastructure Sector)എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

**1-1-7 Capital Work In Progress – മൂല്യം 0 ആയി ഉൾപ്പെടുത്തിയിരിക്കുന്നു**

തൻവർഷം പാർട്ട് ബില്ലുകൾ ഉണ്ടായിരിക്കെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം B-11(b)-Capital Work In Progress – മൂല്യം 0 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

**1-1-8 Accumulated Depreciation – നിശ്ചിത നിരക്കിൽ കണക്കാക്കിയിട്ടില്ല**

Accumulated Depreciation – നിശ്ചിത നിരക്കിൽ കണക്കാക്കിയിട്ടില്ല. മുൻ വർഷത്തെ മൂല്യം തന്നെയാണ് ബാലൻസ് ഷീറ്റ് ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**1-1-9 ഡിമാന്റുകൾ ഉത്ഭവിക്കുന്ന സമയത്ത് തന്നെ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല**

ഡിമാന്റുകൾ ഉത്ഭവിക്കുന്ന സമയത്ത് തന്നെ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല. ഉദാഹരണം- വസ്തുനികുതി ലെഡ്ജറിൽ വർഷാവസാനത്തിലാണ് ഡിമാന്റ് രേഖപ്പെടുത്തുന്നത്.

**1-1-10 Prior Period Income & Expenditure -വിവിധ ഷെഡ്യൂളുകളിൽ വ്യത്യസ്തമാണ്.**

Prior Period Income & Expenditure -വിവിധ ഷെഡ്യൂളുകളിൽ വ്യത്യസ്തമാണ്.

Prior Period Income – I-19 പ്രകാരം - -1380888, RP-11 പ്രകാരം -204256

Prior Period Expenditure– I-18 പ്രകാരം – 3476588, RP-25 പ്രകാരം - 3274.

**1-1-11 ഭരണപരമായ മറ്റ് ചെലവുകൾ അസാധാരണ ചെലവുകളുടെ ഹെഡ്ഡിൽ ഉൾപ്പെടുത്തി**

ഭരണപരമായ മറ്റ് ചെലവുകൾ -168433/-രൂപ I-11 ഷെഡ്യൂൾ Extra Ordinary Expenses (Code-220710101) ൽ ഉൾപ്പെടുത്തി.

**1-1-12 സംയുക്ത പദ്ധതികൾക്കായി ലഭ്യമായ ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ സമയബന്ധിതമായി വിനിയോഗിച്ചിട്ടില്ല**

2022-23 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം സംയുക്ത പദ്ധതികൾക്കായി ലഭ്യമായ താഴെ പറയുന്ന ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ, ഇതര ഗ്രാന്റുകൾ എന്നിവ വിനിയോഗിക്കാതെ നീക്കിയിരുപ്പായി അവശേഷിക്കുന്നു. പ്രസ്തുത തുകകൾ ലഭ്യമായ വർഷം, പദ്ധതികളുടെ വിവരം, തുടർ വിനിയോഗം/ തിരിച്ചടവ് വിവരം, നീക്കിയിരുപ്പ് നിലനിൽക്കുന്ന അക്കൗണ്ടിന്റെ വിവരം,തുകകൾ നിർദ്ദിഷ്ട പദ്ധതികൾക്ക് വിനിയോഗിക്കാത്തതിന്റെ കാരണം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/12.10.23)മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | കോഡ് | ഹെഡ് | തുക |
|---|---|---|---|
| 1 | 320700204 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1523962 |
| 3 | 320700205 | ജില്ലാ പഞ്ചായത്ത് വിഹിതം | 677069 |

സംയുക്ത പ്രൊജക്ടുകൾക്ക് ലഭ്യമായ തുകകളുടെ അക്കൗണ്ടിംഗിനുള്ള മാർഗ്ഗരേഖ ജി.ഒ(പി)നം.07/2017/ഫിൻ /തീയതി 23.01.2017 പ്രകാരം പ്രൊജക്ട് നടപ്പാക്കുന്ന സ്ഥാപനം ഫെബ്രുവരി അവസാനത്തെ ആഴ്ചയിൽ പുരോഗതി വിലയിരുത്തി, ചെലവഴിക്കുവാൻ സാധ്യതയില്ലെന്ന് കാണുന്ന തുക ഫെബ്രുവരി 28 നകം തുക നൽകിയ സ്ഥാപനത്തിന് തിരികെ നൽകേണ്ടതാണ്. മാർച്ച് 31 ന് ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതും അക്കൗണ്ടിൽ സീറോ ബാലൻസ് ഉറപ്പാക്കേണ്ടതുമാണ്. സംയുക്ത പദ്ധതികളുടെ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

**1-2 ബജറ്റ്**

ധനകാര്യ സ്ഥിരം സമിതിയുടെ 17.03.22 ലെ തീരുമാനം നമ്പർ 1(1) പ്രകാരവും, പഞ്ചായത്ത് ഭരണ സമിതിയുടെ 25.03.2022 തീയതിയിലെ യോഗ തീരുമാനം നം. 1/1 പ്രകാരവും 2022-23വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 28753863 |
| തൻവർഷം വരവ് | 440397320 |
| ആകെ | 469151183 |
| ചെലവ് | 461774800 |
| നീക്കിയിരിപ്പ് | 7376383 |

ധനകാര്യ സ്ഥിരം സമിതിയുടെ 13.03.23 ലെ തീരുമാനം നമ്പർ 1 പ്രകാരവും, പഞ്ചായത്ത് ഭരണ സമിതിയുടെ 13-03-23 തീയതിയിലെ യോഗ തീരുമാനം നം. ½ പ്രകാരവും ബജറ്റ് താഴെ പറയും പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രാരംഭ ബാക്കി | 37326283 |
| തൻവർഷം വരവ് | 430617320 |
| ആകെ | 467943603 |
| ചെലവ് | 440931334 |
| നീക്കിയിരിപ്പ് | 27012269 |

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | 34550838 |
| വരവ് | 55272702 |

| | |
|---|---|
| ആകെ | 89823540 |
| ചെലവ് | 60251447 |
| നീക്കിയിരിപ്പ് | 29572093 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 25034294 | 25034294 | 23118042 | 1916252 |
| വികസനഫണ്ട് - എസ്.സി.പി | 0 | 15161455 | 15161455 | 14031687 | 1129768 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 16194700 | 16194700 | 8165304 | 8029396 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 10272000 | 10272000 | 9540823 | 731177 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ബാങ്ക് | 5939083 | 11444298 | 17383381 | 6833687 | 10549694 |
| സെൻട്രൽ ഫിനാൻസ് കമ്മീ ഷൻ ഗ്രാന്റ്-ട്രഷറി | 0 | 6117001 | 6117001 | 1689947 | 4427054 |

കേന്ദ്രാവിഷ്കൃതം

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 1173963 | 2374412 | 3548375 | 486320 | 3062055 |
| ശുചിത്വ മിഷൻ | 780979 | 0 | 780979 | 386000 | 394979 |

പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സ്വച്ഛ് ഭാരത് മിഷൻ | 0 | 574750 | 574750 | 574750 | 0 |
| Health Grant(Diagnostic Infrastructure To PHCs) | 0 | 520851 | 520851 | 305326 | 215525 |
| Health Grant (Towards Conversion Of PHCs & Subcentres Into Health & Wellness Centres) | 0 | 315486 | 315486 | 0 | 315486 |
| NHM - Ayurveda | 0 | 450000 | 450000 | 0 | 450000 |
| National Ayush Mission | 0 | 500000 | 500000 | 0 | 500000 |
| National Rural Health Mission | 0 | 15017 | 15017 | 15017 | 0 |
| Drinking Water Scheme | 0 | 90000 | 90000 | 0 | 90000 |
| Literacy Grant | 53372 | 78505 | 131877 | 78505 | 53372 |

2022-23 സാമ്പത്തിക വർഷത്തെ ഗ്രാന്റ് വിനിയോഗം ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക കണക്ക്, അപ്രോപ്രിയേഷൻ, ചെലവ് പത്രിക എന്നിവയെ അടിസ്ഥാനപ്പെടുത്തി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. വികസന ഫണ്ട്-ജനറൽ - ഇൻകം &എക്സ്പെൻഡിച്ചർ ഷെഡ്യൂൾ I-6 പ്രകാരം 23118042/-രൂപയും ചെലവ് പത്രിക പ്രകാരം 22866472 രൂപയുമാണ്. (വ്യത്യാസം - രണ്ടു പദ്ധതികളുടെ ചെലവ് ചെലവ് പത്രികയിൽ ഉൾപ്പെടുത്താത്തത് -251570/-)

2.CFC – ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-3, ഇൻകം &എക്സ്പെൻഡിച്ചർ ഷെഡ്യൂൾ I-6 എന്നിവ പ്രകാരം ആകെ ചെലവ് 11176278/-. ചെലവ് പത്രിക പ്രകാരമുള്ള ചെലവ് 8523634/-രൂപയാണ്. (വ്യത്യാസം - 2652644/-) നീക്കിയിരുപ്പ് ബാലൻസ് ഷീറ്റ് B-17 ,RP Schedule 40(b) എന്നിവ പ്രകാരം 10549694/- ആണ്. എന്നാൽ ഷെഡ്യൂൾ B-4 പ്രകാരം ആയത് 8592449/-(Basic Tax Grant – 2722377, Tied Grant – 5870072). ട്രഷറി, ബാങ്ക് വരവ് ചെലവുകൾ ഇനം തിരിച്ച് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ടൈഡ്, അൺടൈഡ് ഫണ്ടുകളുടെ ഇനം തിരിച്ചുള്ള ചെലവുകൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. എല്ലാ പദ്ധതിച്ചെലവുകളും ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ആയത് പ്രകാരമുള്ള ചെലവാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വ്യത്യാസത്തിന്റെ കാരണം അറിയിക്കേണ്ടതാണ്.

3. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം തൻവർഷം NHM (Ayurveda) വരവ് 450000/- എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് RP-30ഷെഡ്യൂളിൽ ഉൾപ്പെടുന്നില്ല. എന്നാൽ ടി തുക നീക്കിയിരുപ്പായി ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1–5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 220 | 152892710 | 160 | 79913856 | - | 60 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 73% ത്തിനാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 52% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 8 | 12815544 | 10016863 | 78 |
| വെറ്ററിനറി സർജ്ജൻ | 4 | 4 | 1452500 | 1452500 | 100 |
| മെഡിക്കൽ ഓഫീസർ-PHC | 7 | 6 | 1704591 | 1475592 | 87 |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 2 | 2 | 265000 | 259506 | 98 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 3 | 3 | 435000 | 428656 | 99 |
| വി.ഇ.ഒ 1 | 10 | 9 | 33177934 | 7658158 | 23 |
| വി.ഇ.ഒ 2 | 4 | 2 | 2093916 | 540900 | 26 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 11 | 9862500 | 9417569 | 95 |
| സെക്രട്ടറി | 50 | 28 | 40198864 | 20226256 | 50 |
| അസി.സെക്രട്ടറി | 11 | 7 | 5804236 | 3212211 | 55 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 101 | 72 | 42008555 | 22604195 | 54 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1300000 | 1300000 | 100 |

| | | | | | |
|---|---|---|---|---|---|
| ഹെഡ്മാസ്റ്റർ | 4 | 4 | 1100000 | 1100000 | 100 |
| സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 674070 | 221450 | 33 |
| ആകെ | 220 | 160 | 152892710 | 79913856 | 52 |

നിർവ്വഹണോദ്യോഗസ്ഥരായ വി.ഇ.ഒ മാരുടെ ചെലവ് 30 ശതമാനത്തിൽ താഴെ മാത്രമാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| എം.ജി.എൻ. ആർ.ഇ.ജി.എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 5572 | 80 (പലിശ) | 5652 | 5652 | 0 |
| എം.എൻ.ആർ.ഇ.ജി. എസ്- തൊഴിലാളികളുടെ വേതനം | 0 | 62785753 | 62785753 | 62785753 | 0 |
| അഡ്വാൻസ് | 1885095 | 2031182 | 3916277 | 2047888 | 1868389 |

MGNREGS – വാർഷിക കണക്ക്, ചെക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവ തമ്മിലുള്ള വ്യത്യാസം തൻവർഷം ഭരണപരമായ വരവ് ചെലവുകൾക്ക് പകരം അഡ്വാൻസ് റീഫണ്ട് , അഡ്വാൻസ് നൽകിയത് എന്നീ ഇനങ്ങൾ RP-30ഷെഡ്യൂളിലും, I-14(F) ഷെഡ്യൂളിലും ഉൾപ്പെടുത്തിയത് ക്രമപ്രകാരമല്ല. RP-30ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ അഡ്വാൻസ് റീഫണ്ട് 1091409/- . ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം ആയത് 2047888/-(956557 + 1096983) രൂപയാണ്.

അഡ്വാൻസ് നൽകിയത് RP-49 (Loans,Advances & Deposits) ൽ ഉൾപ്പെടുത്തിയിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ പ്രകാരം തൻവർഷം 2031182/- രൂപ അഡ്വാൻസ് ഇനത്തിൽ നൽകിയിട്ടുണ്ട്.ബാലൻസ് ഷീറ്റ് B-18 പ്രകാരം ക്രമീകരിക്കുവാനുള്ള തുകയിൽ (1868389/-) വ്യത്യാസമില്ല.

I-6 ൽ ഉൾപ്പെടുത്തിയ ആകെ ചെലവ് അഡ്വാൻസ് റീഫണ്ട് ( 2047888) + EFMS ചെലവ് (62785753) തുകയുമാണ്.ആയത് ചെക്ക് ഇഷ്യൂ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ട്.

I-14(F) ഷെഡ്യൂളിൽ ഭരണപരമായ ചെലവ് എന്ന ഹെഡ്ഡിൽ 2998795/- എന്ന് ഉൾപ്പെടുത്തിയിട്ടുള്ളത് ശരിയല്ല. I-14(F) പ്രകാരമുള്ള EFMS ചെലവ് ക്രമപ്രകാരമാണ്. ഇപ്രകാരമുള്ള വ്യത്യാസത്തിന്റെ കാരണം അറിയിക്കേണ്ടതാണ്.

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 7546200 | 687 |
| 2 | വിധവാ പെൻഷൻ | 20138800 | 1905 |
| 3 | വാർദ്ധക്യകാല പെൻഷൻ | 34032000 | 3401 |
| 4 | വികലാംഗ പെൻഷൻ | 5366000 | 496 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1618000 | 154 |

## 1-8 കാഷ് പരിശോധന

എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-23വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 11.10.2023 തീയ്യതിയിൽ 03.30 PM ന് ഓഫീസ് മേധാവിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 12077/- രൂപയുടെ വരവിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ കാലാവധി 23.01.2023 പ്രാബല്യത്തിൽ 22.01.2026 വരെ പുതുക്കി ലഭ്യമായിട്ടുണ്ട്. പൗരാവകാശ രേഖ 2021ലാണ് അവസാനമായി പുതുക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.

സദ്ഭരണത്തിന്റെ ഭാഗമായി ഇ-ഗവേണൻസ്, സ്ഥാപനത്തിലും, ഘടകസ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽക്കരണം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

ILGMS സംവിധാനം 4/2022 മുതൽ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.തൻവർഷം തനത് ഫണ്ട് രേഖകളെല്ലാം കൈകാര്യം ചെയ്തിട്ടുള്ളത് ILGMS സംവിധാനത്തിലൂടെയാണ്. അക്കൗണ്ടിംഗ്, ഫയൽഫ്ലോ എന്നിവയും ILGMS മുഖേനയാണ് കൈകാര്യം ചെയ്തിട്ടുള്ളത്.

**രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്**

അക്കൗണ്ടിങ് റൂൾസ് പ്രകാരംസൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്

എന്നാൽ നിക്ഷേപ പ്രവൃത്തികളുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തന്നെ വിവിധ ഏജൻസികളിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. 14-ാം പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ മേഖലകളുടെ അവസ്ഥാ രേഖ തയ്യാറാക്കിയിട്ടുണ്ട്.

**പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം**

എല്ലാ പർച്ചേസുകളും പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം മുഖേനയാണ് നിർവ്വഹിച്ചിട്ടുള്ളതെങ്കിലും അവയിൽ പലതിലും പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. പർച്ചേസുമായി ബന്ധപ്പെട്ട് വാർഷിക സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

**ആസ്തി പരിപാലനം**

സ.ഉ(ആർ.ടി)നം. 166/17/ത.സ്വ.ഭ.വ തീയതി 20.01.17 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. സ.ഉ (ആർ.ടി) നം .166/17/ത.സ്വ.ഭ.വ തീയതി 20.01.2017 പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ്മെന്റ് മാന്വലിലെ നിർദ്ദേശ പ്രകാരം പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് & മോണിട്ടറിങ് കമ്മിറ്റി രൂപീകരിക്കുന്നതിനായി പഞ്ചായത്ത് ഭരണസമിതി തീരുമാനം നം -1(7)/6.10.23 പ്രകാരം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ആസ്തി വിവരം കാലികമാക്കൽ**

ആസ്തികളുടെ അപ്ഡേഷന്റെ ഭാഗമായി സർക്കാർ തലത്തിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് നിലവിൽ R-track Mobile Application വഴി പഞ്ചായത്തിലെ മുഴുവൻ റോഡുകളും മാപ്പ് ചെയ്യുന്നതിനുള്ള പദ്ധതി പ്രകാരം എല്ലാ വാർഡുകളിലുമുള്ള റോഡുകൾ, കെട്ടിടങ്ങൾ , കൾവർട്ടുകൾ, ഡ്രെയ്നേജുകൾ എന്നിവ ഉൾപ്പെടെയുള്ള ആസ്തികളുടെ സർവ്വെ പൂർത്തീകരിച്ച് ആയതിന്റെ വെരിഫിക്കേഷൻ, ഡിജിറ്റലൈസേഷൻ നടപടികൾ നടപ്പാക്കി വരുന്നുണ്ട്.

ഫണ്ട് വകയിരുത്തലിലെ അപര്യാപ്തത, പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾക്കനുസൃതമായി എസ്റ്റിമേറ്റുകൾ തയ്യാറാക്കാത്തത് മൂലം ആയത് ഭേദഗതി ചെയ്യേണ്ടി വരുന്നതിനാലും പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം നടക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

24.02.22 മുതൽ 10.03.22വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 1.04.2016 മുതൽ 31.01.2022 വരെയുള്ള ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സ്ഥാപനത്തിന് ലഭ്യമായിട്ടില്ല. 17-10-2022 ന് നടത്തിയ പെർഫോമൻസ് ഓഡിറ്റിൽ 09/2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്.

ഗുരുതരമായ ക്രമക്കേടുകളൊന്നും പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടില്ല. പൊതുവായ പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## 1-11 2023 ലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ അനുസരിച്ച് 5 വർഷത്തിലൊരിക്കൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. സെക്ഷൻ 203 പ്രകാരം 25% വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 – വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

2. സ.ഉ(അച്ചടി)നം.25/2023/LSGD തിയതി 5-4-2023 (എസ്.ആർ.ഒ നം.479/2023/ 10-4-2023) – കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കിന്റെ വിജ്ഞാപനം.

**2023 ലെ വസ്തുനികുതി പരിഷ്കരണം – പ്രധാന നിർദ്ദേശങ്ങൾ**

| നിർദ്ദേശം | നിർദ്ദേശം നടപ്പാക്കിയതിന്റെ വിവരം |
|---|---|
| വസ്തു നികുതിയിൽ 5% വർദ്ധനവ് വരുത്തൽ<br>എല്ലാ കെട്ടിടങ്ങളുടെയും 2022-23 വർഷം വരെ നിർണ്ണയിച്ചിട്ടുള്ള വസ്തു നികുതിയോടൊപ്പം അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തേണ്ടതാണ്. | എല്ലാ കെട്ടിടങ്ങളുടെയും വസ്തു നികുതിയിൽ 5% വർദ്ധനവ് വരുന്ന രീതിയിൽ സഞ്ചയ ഡാറ്റ ഐ.കെ.എം ക്രമീകരിച്ചിട്ടുണ്ട്. |
| കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങൾ അറിയിക്കൽ<br>മുൻകാലയളവുകളിൽ കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങളുടെ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കാത്തവർക്ക് വിവരം ഫോറം 9ബി പ്രകാരം അറിയിക്കാവുന്നതാണ്.<br>സമയപരിധി - 15-05-2023 | ഫോറം 9B യിൽ നാളിതുവരെ 35 പേർ മാത്രമാണ് കെട്ടിടത്തിന്റെ മാറ്റങ്ങളുടെ വിവരം അറിയിച്ചിട്ടുള്ളത്. |
| കെട്ടിടത്തിന്റെ ഫീൽഡ് പരിശോധന<br>ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തുന്നതിന് 30-06-2023 വരെ സമയം അനുവദിച്ചിരുന്നു. | ഫീൽഡ് പരിശോധന ആരംഭിച്ചതായി അറിയിച്ചിട്ടുണ്ട്. |
| വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കായി നിശ്ചിത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതും ഒരു വീടിന് 30 രൂപ നിരക്ക് അനുവദിക്കാവുന്നതാണ്. | വിവരശേഖരണം നടത്തുന്നതിനായി ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ 9 പേരെ നിയമിച്ചിട്ടുണ്ട്. |
| വസ്തു നികുതിയുടെ പുതുക്കിയ നിരക്കിന്റെ വിജ്ഞാപനം | ഉത്തരവുകൾ കണക്കിലെടുത്ത് 25/04/2023 തീയതിയിലെ 400835/PTRV /GPO/4104 നം. ഉത്തരവ്, തീരുമാനം നം:2(1) പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br>പൊതു ജനങ്ങൾക്ക് ആക്ഷേപം ഉണ്ടെങ്കിൽ അറിയിക്കുന്നതിനായി ഒരു മാസം സമയം നൽകിയിരുന്നുവെങ്കിലും പരാതിയൊന്നും ഇല്ലാത്തതിനാൽ കരട് വിജ്ഞാപനം അംഗീകരിക്കുകയും 21.06.2023 തിയതിയിൽ 400835/PTRV/GPO/4104 നം, തീരുമാനം നം:6(1) പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>കൂടാതെ, മലയാള മനോരമ പത്രത്തിൽ വിജ്ഞാപനം പരസ്യപ്പെടുത്തിയിട്ടുണ്ട്.<br>അന്തിമ വിജ്ഞാപനം അനുസരിച്ചുള്ള |

| | |
|---|---|
| | നിരക്ക് സഞ്ചയയിൽ അപ്‌ലോഡ് ചെയ്തിട്ടില്ല. |
| വസ്തു നികുതി നിരക്കും മേഖലകളും റോഡുകളുടെ തരംതിരിവും<br>പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും ഗ്രാമപഞ്ചായത്തിന് പുതുക്കി നിശ്ചയിക്കാവുന്നതാണ്. | മേഖലകളിൽ മാറ്റങ്ങൾ വരുത്തിയിട്ടില്ല. |

വസ്തുനികുതി പരിഷ്ക്കരിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ച് വസ്തുനികുതി പരിഷ്ക്കരണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി അപാകതകൾ

**അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 235ഡബ്ലിയു പ്രകാരം നിയമവിരുദ്ധമായി ആരംഭിച്ചതോ നടത്തിക്കൊണ്ടിരിക്കുന്നതോ പൂർത്തീകരിച്ചതോ ആയ കെട്ടിടം പൊളിച്ചുകളയുന്നതിനോ മാറ്റം വരുത്തുന്നതിനോ സെക്രട്ടറിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. സെക്ഷൻ 235എഎ(1) പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടം നിർമ്മാണം പൂർത്തിയാക്കുകയോ 203(2) പറയുന്ന പ്രകാരമുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക ഈടാക്കാവുന്നതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു എ.' കെട്ടിട നമ്പർ അനുവദിക്കേണ്ടതാണെന്നും ഇപ്രകാരം കെട്ടിട നമ്പർ അനുവദിക്കുന്നത് കേരള പഞ്ചായത്ത് രാജ് നിയമം 235എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും എന്നാൽ കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ 235 ഡബ്ലിയു വകുപ്പ് പ്രകാരമുള്ള നടപടിയെടുക്കുന്നതിന് ഇത് തടസ്സമല്ലാത്തതും കെട്ടിടം പൊളിച്ചു മാറ്റുന്നതുവരെ ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1) ഗ്രാമപഞ്ചായത്ത് പരിധിയിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള 33 കെട്ടിടങ്ങളുടെ വിവരം അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്ററിലും സഞ്ചയയിലും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവ ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

യു.എ നമ്പർ അനുവദിച്ച ഏതാനും കെട്ടിടങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ രജിസ്റ്റർ പ്രകാരം | അപേക്ഷകന്റെ പേര് | വിസ്തീർണ്ണം (ച.മീ) | ഉപയോഗക്രമം |
|---|---|---|---|---|
| 1 | 5/4 UA | സരള.വി.എം | 41.27 | പാർപ്പിടം |
| 2 | 6/1 UA | ഫിറോസ് മുതൽപേർ | 20.2 | പാർപ്പിടം |
| 3 | 11/2 UA | സലീന എ | 68 | പാർപ്പിടം |
| 4 | 16/5 UA | അറുമുഖൻ S/O പഴനിസ്വാമി, കുമാരി | 20 | പാർപ്പിടം |
| 5 | 22/4 UA | അരുൺ സ്വാമിനാഥൻ | 43.4 | പാർപ്പിടം |

| | | | | |
|---|---|---|---|---|
| 6 | 22/5 UA | രമേഷ് | 80 | പാർപ്പിടം |

ഓഡിറ്റ് അന്വേഷണം നം.29/18-10-2023 ന് മറുപടിലഭ്യമാക്കിയിട്ടില്ല.

**ഓഡിറ്റ് നിർദ്ദേശം**

- കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അനധികൃത നിർമ്മിതിക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- കെട്ടിടം ക്രമവത്കരിച്ച് യഥാർത്ഥ നമ്പർ നൽകുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

**1-12-1 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു**

വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് 50 രൂപയും പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് 6 രൂപയുമാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. 100 ച.മീറ്റർ വരെയുള്ള തറവിസ്തീർണ്ണമുള്ള താഴെ പറയുന്ന കെട്ടിടത്തെ പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടമുണ്ടാവുന്നു.

ലൈസൻസ് രജിസ്റ്റർ ക്രമനം 108 പരിശോധിച്ചപ്പോഴാണ് അപാകതകൾ ശ്രദ്ധയിൽപ്പെട്ടത്.

| | |
|---|---|
| കെട്ടിട നം. | 11/17 |
| കെട്ടിട ഉടമയുടെ പേരും വിലാസവും | സത്യഭാമ |
| വിസ്തീർണ്ണം | 36ച. മീ |
| നിലവിലെ നികുതി നിർണ്ണയം | 36*6 = 216<br>വർദ്ധനവ് (വഴിസൗകര്യം)-0%<br>ഇളവ്- ഇല്ല<br>വസ്തുനികുതി - 118<br>ലൈബ്രറി സെസ്സ് - 6<br>ആകെ – 124 |
| യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി | 36*50 = 1800 (റൈസ് & ഫ്ലോർ മിൽ)<br>വർദ്ധനവ് (വഴിസൗകര്യം)-20%<br>ഇളവ്- 20%<br>വസ്തുനികുതി - 1800<br>ലൈബ്രറി സെസ്സ് - 90<br>ആകെ - 1890 |
| പ്രതിവർഷ നഷ്ടം | **1890 – 124 = 1766 രൂപ** |

അന്വേഷണം നം. 29/18.10.2023 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**ഓഡിറ്റ്നിർദ്ദേശം**

യഥാർത്ഥ ഉപയോഗക്രമം അനുസരിച്ച് വസ്തുനികുതി നിർണയിച്ച് സഞ്ചയ സോഫ്റ്റ്വെയർ ഫോറം 6-ഉൾപ്പടെ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

**1-13 ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ജഗദാംബിക തിയേറ്ററിൽ നിന്നും വിനോദ നികുതി ഈടാക്കുന്നില്ല.**

1961 ലെ Kerala Local Authorities Entertainments Tax Act ലെ സെക്ഷൻ 3 പ്രകാരം കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിനോദത്തിനായുള്ള ടിക്കറ്റിന്മേൽ നിശ്ചിത നിരക്കിൽ വിനോദ നികുതി ഈടാക്കുന്നതിനുള്ള അധികാരം നൽകുന്നുണ്ട്. ജി.എസ്.ടി നിലവിൽ വന്നതോടെ തിയറ്ററുകളിൽ നിന്നുള്ള വിനോദ നികുതി ഈടാക്കേണ്ടതില്ലെന്ന് സംസ്ഥാന സർക്കാർ തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. ജി.എസ്.ടി നിരക്ക് 28% ൽ നിന്നും 18% ആയി കേന്ദ്ര സർക്കാർ കുറവു ചെയ്തതിനെത്തുടർന്ന് സിനിമാ ടിക്കറ്റിന്മേൽ വീണ്ടും വിനോദ നികുതി ഏർപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ തീരുമാനമെടുക്കുകയും 1961 ലെ Kerala Local Authorities Entertainments Tax Act ൽ ഭേദഗതി വരുത്തുകയും ചെയ്തു. 2019-ലെ കേരള

ധനകാര്യ നിയമത്തിലെ (Kerala Finance Act, 2019) വകുപ്പ് 6 പ്രകാരമാണ് 1961 ലെ Kerala Local Authorities Entertainments Tax Act ലെ വകുപ്പ് 3 ൽ ഭേദഗതി വരുത്തിയിട്ടുള്ളത്. ഇതോടെ ഓരോ സിനിമാ ടിക്കറ്റിന്മേലും 10% ൽ കൂടാതെ വിനോദ നികുതി ഈടാക്കാവുന്നതാണെന്നുള്ള നിയമ വ്യവസ്ഥ നിലവിൽ വന്നു.

സ.ഉ(കൈ)നം.63/2019/തസ്വഭവ തിയതി 10-06-2019 പ്രകാരം 10-06-2019 മുതൽ സിനിമാ ടിക്കറ്റിന്മേൽ 10% വിനോദ നികുതി ഈടാക്കുന്നതിന് അനുമതി നൽകിയെങ്കിലും സ.ഉ(കൈ)നം.112/2019/ത.സ്വ.ഭ.വ തിയതി 31-08-2019 പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5%, 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% എന്നിങ്ങനെ നിരക്കുകൾ പുതുക്കി നിശ്ചയിക്കുകയും പ്രാബല്യതിയതി 1-9-2019 ആയി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഇ-ടിക്കറ്റ് നിലവിൽ വരുന്നതുവരെ സിനിമാ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ലെന്നും ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

1) എലപ്പുള്ളി ഗ്രാമപഞ്ചായത്തിൽ ജഗദാംബിക തീയേറ്റർ വർഷങ്ങളായി പ്രവർത്തിച്ച് വരുന്നുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ വിനോദ നികുതി ഈടാക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. വർഷങ്ങളായി പ്രവർത്തിച്ച് വന്നിട്ടും തിയേറ്ററിൽ നിന്ന് വിനോദ നികുതി ഈടാക്കാത്തത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

സർക്കാർ നിശ്ചയിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ വിനോദ നികുതി തിയറ്റർ ഉടമകൾ ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. ഓരോ ദിവസത്തേയും ടിക്കറ്റുകളുടെ എണ്ണത്തിന്റെ കൃത്യത ഉറപ്പാക്കി പ്രതിമാസത്തെ വിനോദനികുതി അടുത്ത മാസം മൂന്നാം തിയതിക്കകം ഈടാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം:6/13.10.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

തുടർനടപടികൾ അറിയിക്കേണ്ടതാണ്.

### 1-13-1 സിനിമാട്ടോഗ്രാഫി ലൈസൻസ് എടുക്കാതെ തിയറ്റർ പ്രവർത്തിക്കുന്നു.

1988 ലെ കേരള സിനിമാസ് (റഗുലേഷൻ) ചട്ടങ്ങൾ പ്രകാരം സിനിമാ തിയേറ്ററുകളുടെ നിർമ്മാണത്തിനുള്ള പെർമിറ്റ്, സിനിമാ പ്രദർശനത്തിനുള്ള ലൈസൻസ്, പുതുക്കൽ എന്നിവയ്ക്കുള്ള നടപടിക്രമങ്ങൾ വിശദീകരിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 9(2) പ്രകാരം സിനിമാ പ്രദർശനത്തിനുള്ള ഒരു വർഷത്തെ ലൈസൻസ് ഫീ/പുതുക്കുന്നതിനുള്ള ഫീസ് 1000രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

എലപ്പുള്ളി ഗ്രാമപഞ്ചായത്തിൽ ജഗദാംബിക തിയേറ്റർ സിനിമാട്ടോഗ്രാഫി ലൈസൻസ് എടുക്കാതെ പ്രവർത്തിച്ച് വരുന്നുണ്ട്. തിയറ്റർ ഉടമ സിനിമാട്ടോഗ്രാഫി ലൈസൻസ് എടുക്കുന്നതിനാവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതും തുടർ വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം. 6/13-10-23 ന് മറുപടി ലഭ്യമായില്ല)

### 1-14 നികുതി നിർണയിക്കാതെ ഹോം സ്റ്റേ പ്രവർത്തിക്കുന്നു.

എലപ്പുള്ളി ഗ്രാമ പഞ്ചായത്തിന്റെ വസ്തു നികുതി പരിശോധനയിൽ Ammachies Orgnaic Farms എന്ന സ്ഥാപനം പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു തുടർന്നുള്ള പരിശോധനയിൽ ഇവരുടെ ഒഫിഷ്യൽ വെബ്സൈറ്റായ Www.ammachisorganicfarms.com ൽ ടി സ്ഥാപനത്തിൽ ഹോംസ്റ്റേകൾ, കോട്ടേജ് എന്നിവ പ്രവർത്തിക്കുന്നതായി ബോദ്ധ്യപ്പെട്ടു വിദേശികൾ ഉൾപ്പടെ നിരവധി വിനോദ സഞ്ചാരികൾ ഇവിടം സന്ദർശിക്കുന്നുണ്ട്.

Traditional Home, Green Ranch House, Brick Cottage എന്നിങ്ങനെ 3 ഹോം സ്റ്റേ കളാണ് പ്രവർത്തിച്ച് വരുന്നത്. എന്നാൽ സഞ്ചയ ഡാറ്റാബേസിൽ മേൽ പറഞ്ഞ കെട്ടിടങ്ങളെ അനുയോജ്യമായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ചിട്ടില്ല പരിശോധിച്ച് ഉചിതമായ തീരുമാനം എടുത്ത് ഓഡിറ്റിന് അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.11/13-10-2023 ന് മറുപടിലഭ്യമാക്കിയിട്ടില്ല.

### 1-15 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് -അപാകതകൾ

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

**1-15-1 ലൈസൻസ് ഇല്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നു**

1.ലൈസൻസ് ഇല്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232-ാം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏത് ആവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലായെന്നും, ഗ്രാമപഞ്ചായത്ത് ഇതിലേക്കുള്ള ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും കാര്യങ്ങളിലേക്ക് (സെക്രട്ടറി നൽകുന്ന ഒരു ലൈസൻസ് കൂടാതെയും) ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്തുള്ള യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്നും നിഷ്കർഷിക്കുന്നുണ്ട്. എലപ്പുള്ളി ഗ്രാമപഞ്ചായത്ത് പരിധിയിൽ അമ്മച്ചി ഓർഗാനിക്ക് ഫാം എന്ന പേരിൽ ഒരു സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. സ്ഥാപനത്തിൽ ജൈവ ഉൽപ്പന്നങ്ങളുടെ ഓൺലൈൻ വിപണനം, ഫാം സ്റ്റേ, ഫാം ടൂർ , ഫാം ലെസൻസ് എന്നീ സേവനങ്ങൾ നൽകി വരുന്നുണ്ട്. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ രേഖകളുടെ പരിശോധനയിൽ ഈ സ്ഥാപനം ലൈസൻസ് എടുത്തതായി കാണുന്നില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം **(ക്യുമുലേറ്റീവ് ലൈസൻസ്** (പലതിനും ഒന്നിച്ചുള്ള ലൈസൻസ്) ഒന്നിലധികം ആവശ്യങ്ങൾക്ക് ഒരേ സ്ഥലം ഒരേ ഉടമസ്ഥൻ ഉപയോഗിക്കുന്ന പക്ഷം പ്രസിഡന്റ് അങ്ങനെയുള്ള എല്ലാ ആവശ്യങ്ങൾക്കും ലൈസൻസ് നൽകേണ്ടതും ലൈസൻസിനുള്ള ഫീസ് ദിവസേനയുള്ള ശരാശരി കച്ചവടത്തിന്റെ അടിസ്ഥാനത്തിൽ രണ്ടാം പട്ടികയിൽ ഒന്നാകെ പഞ്ചായത്ത് നിശ്ചയിക്കേണ്ടതുമാണ്. ഈ സ്ഥാപനത്തിൽ പലതരം സേവനങ്ങൾ നൽകിവരുന്നതിനാൽ സ്ഥാപനത്തെ ക്യുമുലേറ്റീവ് ലൈസൻസ് പരിധിയിൽ കൊണ്ടുവരാവുന്നതാണ്.

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/17.10.2023) മറുപടിയായി ലൈസൻസ് പരിധിയിൽ കൊണ്ടുവരുവാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

**1-15-2 സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് പുതുക്കുന്നില്ല**

2022-23 വർഷത്തെ ലൈസൻസ് രജിസ്റ്ററിൽ ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ വിവരങ്ങളിൽ 329 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ വാണിജ്യാവശ്യത്തിനുള്ള 1176 കെട്ടിടങ്ങളുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ എത്ര വ്യവസായ സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത് എന്നത് സംബന്ധിച്ച കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല.ഇത് സംബന്ധിച്ച് നൽതിയ ഓഡിറ്റ് അന്വേഷണത്തിന് (22/17.10.23) മറുപടിയായി സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള വാണിജ്യസ്ഥാപനങ്ങളിൽ പലതും ഒഴിഞ്ഞുകിടക്കുന്നവയാണെന്നും ഇവയ്ക്കൊന്നും വേക്കൻസി റമിഷൻ വാങ്ങാറില്ലെന്നുമാണ് അറിയിച്ചിരിക്കുന്നത്.

ഓഡിറ്റ് നിർദ്ദേശം

ഫീൽഡ് പരിശോധന നടത്തി എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും വാർഡ് തിരിച്ചുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് കാലികമാക്കേണ്ടതുമാണ്.

**1-15-3 പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു**

1997 ലെ കേരളപഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ)ചട്ടങ്ങൾ, 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 270-ാം വകുപ്പ് പ്രകാരവും ഒരു ഗ്രാമപഞ്ചായത്തിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ, ആ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ യാതൊരു സ്വകാര്യ ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല. കൂടാതെ ടി സ്ഥാപനങ്ങൾ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടം പട്ടിക 1, ക്രമ നമ്പർ 143 - ൽ പ്രതിപാദിച്ചതിൻ പ്രകാരം പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ നടത്തിപ്പിനായി ലൈസൻസ് എടുക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ താഴെക്കൊടുത്തിരിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ നടത്തിപ്പിനായി ലൈസൻസ് എടുത്തതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | സ്ഥാപന ഉടമ |
|---|---|---|
| 1 | സൈമൽഡെന്റൽ ക്ലീനിക്ക് | മുഹമ്മദ് ബഷീർ |
| 2 | കൃഷ്ണഡെന്റൽ ക്ലീനിക്ക് | പ്രിയങ്ക .വി |
| 3 | ജനത മെഡിക്കൽ സെന്റർ | രാമദാസ്.പി |
| 4 | ഡയ ഡെന്റൽ ക്ലീനിക്ക് | ഷെഫിൻ സിദ്ദിക്ക് |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/17.10.2023) മറുപടിയായി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

**1-15-4 പഞ്ചായത്തിന്റെ പരിധിയിലുള്ള ഫ്യുവൽ സ്റ്റേഷൻ വർഷങ്ങളായി ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.**

പഞ്ചായത്ത് പരിധിയിൽ 'കൃപ ഫ്യുവൽസ് ' എന്ന പേരിൽ ഒരു ഫ്യുവൽ സ്റ്റേഷൻ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലുള്ള ആംബുലൻസിന്റെ ലോഗ് ബുക്ക് പരിശോധനയിൽ കൃപ ഫ്യുവൽസിൽ നിന്ന് ഇന്ധനം നിറച്ചതായി ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ടി സ്ഥാപനം വർഷങ്ങളായി ലൈസൻസില്ലാതെ പ്രവർത്തിച്ചുവരുന്നു. 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഇതേ കുറിച്ച് പ്രതിപാദിച്ചിട്ടും നാളിതുവരെയായി ടി സ്ഥാപനത്തെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.
വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/17.10.2023) മറുപടിയായി മുൻകാല ഫീസോടുകൂടി ലൈസൻസ് അനുവദിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
തുടർനടപടികൾ അറിയിക്കേണ്ടതാണ്.

**1-16 റസ്റ്റോറേഷൻ അനുമതി -അപാകതകൾ**

വിവിധ ആവശ്യങ്ങൾക്കായി റോഡ് കട്ട് ചെയ്യുന്നതിന് അനുമതി നൽകുമ്പോൾ ഏജൻസികളിൽ നിന്നും ഈടാക്കേണ്ട റസ്റ്റോറേഷൻ ചാർജ്ജ്, എഗ്രിമെന്റ്, സെക്യൂരിറ്റി ഡെപ്പോസിറ്റ്, എന്നിവ സംബന്ധിച്ചും അതിനു സ്വീകരിക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ചുമുള്ള മാർഗ നിർദ്ദേശങ്ങൾ പൊതുമരാമത്ത് വകുപ്പ് ചീഫ് എൻജിനീയറുടെ സർക്കുലർ നം; CE/R&B/GL-RC/3/2018,24.09.2020 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് റോഡ് കട്ട് ചെയ്യുന്നതിന് അനുമതി നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിലെ എണ്ണപ്പാടം റോഡ് മുതൽ എസ്.എൻ.പി.എസ് റോഡ് വരെയുള്ള 2700 മീറ്റർ റോഡ് കട്ട് ചെയ്ത് ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിനായി ജിയോ ഡിജിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന ടെലികോം കമ്പനി ROW/1039828/45846 -ാം പ്രകാരം സുഗമ പോർട്ടലിൽ ( Row Service) അപേക്ഷ നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പി ഡബ്ല്യു ഡി ചീഫ് എൻജിനീയറുടെ 30.03.2019 ലെ CE/R&B /GL-RC/2/2019 നം സർക്കുലറിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം ഫീസ് നിരക്ക് നിശ്ചയിച്ച് അനുമതി നൽകിയിട്ടുണ്ട്.

എ.ഇ സമർപ്പിച്ച ഫീ-ഡിമാന്റ് നോട്ടീസിലെ വിവരങ്ങൾ

| Sl.No | Item | Length& Breadth (M) | Co Efficient | Area&Rate | Amount |
|---|---|---|---|---|---|
| 1 | 20mm Cc Cutting | 700, 1 | 1 | 700x3090.57 | 2163399 |
| 2 | Shoulder Cutting | 2000, 0.4 | 1.5 | 1200x1530.77 | 1836924 |
| TOTAL | | | | | 4000323 |

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ SC2-22/22, 18.10.22 നം. നടപടിക്രമത്തിലൂടെ റോഡ് കട്ടിംഗിന് അനുമതി നൽകിയിട്ടുണ്ട്. സ്ഥാപനത്തിന്റെ അപേക്ഷയിൽ നിന്നും ലഭ്യമായ രേഖകൾ പ്രകാരം HDD മെത്തേഡ് വഴിയാണ് റോഡ് കട്ടിംഗ് ജോലികൾ നടത്തുന്നതിനായി തീരുമാനിച്ചിരിക്കുന്നത്.
30.03.2019 ലെ CE/R&B/GL-RC/2/2019 നം സർക്കുലർ പാലിച്ച് റോഡ് കട്ട് ചെയ്യുമ്പോൾ നൽകേണ്ട തുകയുടെ 2.5%ശതമാനം സൂപ്പർവിഷൻ ചാർജ്ജും ( 100008/- രൂപ) റസ്റ്റോറേഷൻ ചാർജിന്റെ മൂന്നിൽ ഒരു ഭാഗം

(1333441/-രൂപ) ബാങ്ക് ഗ്യാരണ്ടിയും (BG: OGT0009220071738 Validity: 30/09/2023) ജിയോ ഡിജിറ്റൽ പ്രൈവറ്റ് ലിമിറ്റഡിൽ നിന്ന് ലഭ്യമായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ നിലനിൽക്കുന്നു.

1. പൊതുമരാമത്ത് വകുപ്പ് ചീഫ് എൻജിനീയറുടെ സർക്കുലർ നം; CE/R&B/GL-RC/3/2018,24.09.2020 പ്രകാരം റസ്റ്റോറേഷൻ അനുമതി നൽകുമ്പോൾ പ്രസ്തുത സ്ഥാപനവുമായി ധാരണാപത്രം ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ജിയോ ഡിജിറ്റൽ പ്രൈവറ്റ് ലിമിറ്റഡുമായി എഗ്രിമെന്റ് ചമയ്ക്കാതെ റോഡ് കട്ടിംഗിന് അനുമതി നൽകിയിരിക്കുന്നു.
2. റോഡ് റസ്റ്റോറേഷൻ ജോലികൾ ആരംഭിച്ചതിന്റെയോ നിലവിലെ സ്ഥിതി സംബന്ധിച്ച രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ സ്ഥാപനം സമർപ്പിച്ച ബാങ്ക് ഗ്യാരണ്ടിയുടെ (BG: OGT0009220071738 Validity: 30/09/2023) കാലാവധി 30/09/2023-ന് അവസാനിച്ചു. ബാങ്ക് ഗ്യാരണ്ടി പുതുക്കിയതായോ ഫോർഫീറ്റ് ചെയ്തതായോ കാണുന്നില്ല.
3. സൂപ്പർ വിഷൻ ചാർജ് ഈടാക്കിയിട്ടുണ്ടെങ്കിലും തുടർന്നുള്ള പ്രവൃത്തിയുടെ തൽസ്ഥിതി പരിശോധിച്ചത് സംബന്ധിച്ച രേഖകൾ ഫയലിൽ ഇല്ല.
മേൽപ്പറഞ്ഞ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/18.10.2023) മറുപടിയായി പ്രസ്തുത പ്രവൃത്തി പൂർത്തിയായിട്ടില്ലായെന്നും അറിവില്ലായ്മമൂലമാണ് എഗ്രിമെന്റ് ചമയ്ക്കാതിരുന്നതെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-17 അധിക പെർമിറ്റ് ഫീസ് ഈടാക്കി

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പട്ടിക II അനുസരിച്ച് പാർപ്പിട വിനിയോഗ ഗണത്തിന് 150 Sq Metres വരെ 3.50 രൂപയും 150 Sq Metres കൂടിയാൽ 7രൂപയും, മറ്റു വിനിയോഗ ഗണങ്ങൾക്ക് 10 രൂപയുമാണ് 2022-23 സാമ്പത്തിക വർഷത്തിൽ ഈടാക്കേണ്ട ഫീസ് നിരക്ക്. 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പട്ടിക II പ്രകാരമുള്ള പെർമിറ്റ് ഫീ നിലവിൽ സങ്കേതം സോഫ്റ്റ്‌വെയർ വഴിയാണ് കണക്കാക്കുന്നത്. അപ്രകാരം കണക്കാക്കിയ പെർമിറ്റ് ഫീ യഥാർത്ഥത്തിൽ ലഭ്യമാകേണ്ട തുകയേക്കാളും കൂടുതലായി കണക്കാക്കിയിരിക്കുന്നതായി കണ്ടെത്തി. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പെർമിറ്റ് നമ്പർ/തീ | അപേക്ഷക യുടെ പേര് | വിസ്തീർണ്ണം | ഈടാക്കിയത് | ഈടാക്കാവുന്നത് |
|---|---|---|---|---|
| A4-BA(100650)/2023 | രമേഷ് കുമാർ | Permitted Area 197.38<br>Residential: 104.9<br>Mercantile/Commercial: 92.4 | 1974 | 1288<br>(104.9x3.5=367.15+92.4x10=920.4)<br>വ്യത്യാസം = 686രൂപ |
| 4-BA(371265)/2022 | സരോജിനി.കെ | Total Permitted Area 99.2 In Sqmeter<br>Residential: 99.2 | 992 | 347<br>(99.2x3.50)<br>വ്യത്യാസം = 645രൂപ |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 12/13.10.2023 ന് മറുപടിയായി രണ്ട് വ്യത്യസ്ഥ ഒക്യുപ്പൻസിയിൽ വരുന്ന കെട്ടിടങ്ങൾക്ക് പെർമിറ്റ് എടുക്കുമ്പോൾ ഓരോ ഒക്യുപ്പൻസിയ്ക്കുമുള്ള തുക പ്രത്യേകമായി സങ്കേതം സോഫ്റ്റ്‌വെയറിൽ ജനറേറ്റ് ചെയ്യപ്പെടുന്നില്ലായെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ പട്ടിക II പ്രകാരമാണ് പെർമിറ്റ് ഫീസ് ഈടാക്കേണ്ടത്. ഈ പട്ടികയിൽ പാർപ്പിട വിനിയോഗ ഗണത്തിനും മറ്റു ഗണങ്ങൾക്കും പ്രത്യേക നിരക്കാണ് നിഷ്കർഷിക്കുന്നത്. ഒന്നിലധികം ഒക്യുപ്പൻസി പരിഗണിക്കുമ്പോൾ പാർപ്പിട ഗണത്തിന്റെയും മറ്റു ഗണങ്ങളുടെ മൊത്തമായും പരിഗണിച്ച്

പ്രത്യേകമായി കണക്കാക്കി പട്ടിക II പ്രകാരം ഫീസ് ഈടാക്കേണ്ടതാണ്.

**1-18 വാട്ടർ ചാർജ് -കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്**

2022-23 സാമ്പത്തിക വർഷം വാട്ടർ ചാർജ്ജ് ഇനത്തിലെ തൻവർഷ കുടിശ്ശിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം 133740രൂപയും മുൻവർഷ കുടിശ്ശിക 443924രൂപയും ചേർത്ത് ആകെ 577664 രൂപ ഈടാക്കുവാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (32/19.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.
കുടിശ്ശിക ഈടാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**1-19 തെരുവു വിളക്ക് മെയിന്റനൻസ് - കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കി**

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവു വിളക്കുകളുടെ മെയിന്റനൻസിനായി സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്ട് രൂപീകരിക്കുകയും 14.12.2022 ന് ടെണ്ടർ ക്ഷണിക്കുകയും, ഒറ്റ ടെണ്ടർ മാത്രം ലഭിച്ചതിനാൽ 07.01.2023 ന് റീ ടെണ്ടർ ചെയ്യുകയും 4 പേർ ടെണ്ടറിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. പ്രൊജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | 217/23 സ്ട്രീറ്റ് ലൈറ്റ് വാങ്ങലും സ്ഥാപിക്കലും |
| അടങ്കൽ | 500000 രൂപ – തനതു ഫണ്ട് |
| ചെലവ് | 300000 രൂപ |
| വൌച്ചർ നം. | 22201084/31.03.23- 294000 രൂപ |
| | 22201078/31.03.23-3000 രൂപ |
| | 22201079/31.03.23-3000 രൂപ |
| കരാറുകാരൻ | എലപ്പുള്ളി റൂറൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റി |

സ.ഉ(പി)നം.07/2019/SPD തിയതി 26-04-2019 പ്രകാരം 25000 രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾ (കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെ) നടത്തുമ്പോൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM (Government E Marketplace) ൽ സാധനങ്ങൾ ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതും GeM ൽ ലഭ്യമായവ GeM മുഖേന നിർബന്ധമായും വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.
ഗ്രാമപഞ്ചായത്തിന് ആവശ്യമായ ഉപകരണങ്ങൾ GeM ൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ടെണ്ടർ മുഖാന്തിരം വാങ്ങുന്നതിന് ഭരണ സമിതി തീരുമാനിച്ചു. എന്നാൽ GeM ൽ പരിശോധിച്ചതിന്റെ യാതൊരുവിധ രേഖകളും ഫയലിൽ ഇല്ല.
ടെണ്ടർ സമർപ്പിച്ച എല്ലാ സ്ഥാപനങ്ങളും ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമാണ് നിരക്ക് കാണിച്ചിരിക്കുന്നത്. ടെണ്ടർ സ്പെസിഫിക്കേഷനിൽ റീ പ്ലേസ്മെന്റ് വാറണ്ടി, സാമ്പിൾ ഹാജരാക്കുക, ISO/ISI സർട്ടിഫിക്കറ്റ് എന്നിവ ആവശ്യപ്പെട്ടിരുന്നില്ല.
സ.ഉ (കൈ)നം.115/2022/ത.സ്വ.ഭ.വ തീ 28.05.2022 പ്രകാരം പുറപ്പെടുവിച്ച 14-ാം പഞ്ചവത്സര പദ്ധതി യുടെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.20പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ വാങ്ങലിന്റെ ആവശ്യം തിരിച്ചറിഞ്ഞ് സ്പെസിഫിക്കേഷൻ തയ്യാറാക്കേണ്ടതും ആയത് പ്രകാരം വാങ്ങൽ പദ്ധതി അന്തിമമാക്കുകയും ചെയ്യേണ്ടതിന്റെ പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്.
18.01.2023 ലെ 1-ാം നമ്പർ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാന പ്രകാരം റിതു ഏജൻസീസ് വിതരണം ചെയ്യുന്ന സാധനങ്ങളുടെ പേര് വിവരം ഉൾക്കൊള്ളിച്ചിട്ടില്ല, എറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയത് ഏഷ്യൻ മാർക്കറ്റിംഗ്, വാഴക്കോട്, മലപ്പുറം എന്ന സ്ഥാപനം ആണെങ്കിലും പ്രസ്തുത സ്ഥാപനം വിതരണം ചെയ്യുന്നത് സ്ഥാപനത്തിന്റെ സ്വന്തം ബ്രാൻഡ് ആണെന്നും അപ്രകാരം വിലകുറഞ്ഞ സാമഗ്രികൾ വാങ്ങുന്നത് മൂലം കേടാകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടെന്നും ആയതിന്റെ പശ്ചാത്തലത്തിലാണ് നിലവിൽ ടെണ്ടർ നടത്തേണ്ട സാഹചര്യം ഉണ്ടായതെന്നും യോഗം വിലയിരുത്തി. (പ്രസ്തുത സ്ഥാപനത്തിൽ നിന്ന് മുൻ വർഷങ്ങളിൽ പർച്ചേസ് നടത്തിയിട്ടില്ല) ആയതിനാൽ പ്രസ്തുത രണ്ട് സ്ഥാപനങ്ങളുടെ ടെണ്ടർ പരിഗണിക്കേണ്ടതില്ലെന്നും, തുടർന്ന് കുറവ് രേഖപ്പെടുത്തിയ New Cable Point Thrissur എന്ന സ്ഥാപനം സമർപ്പിച്ച Luker LED ബൾബിന് 1 വർഷത്തെ Manufacturing Defect Warranty മാത്രമേ ഉള്ളു എന്നതിനാലും, ഏറ്റവും ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ ഏലപ്പുള്ളി റൂറൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റി വിതരണം ചെയ്യാം എന്ന് സമ്മതിച്ച LED

ബൾബ് Crompton ബ്രാന്റ് ആകയാലും 1 വർഷത്തെ Replacement Warrenty ഉള്ളതും യോഗം വിലയിരുത്തി, തെരുവു വിളക്കുകൾ കത്തിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാൽ ഏറ്റവും കൂടിയ നിരക്ക് ആണെങ്കിലും മികച്ച ബ്രാൻഡായ Crompton ബൾബ് വിതരണം ചെയ്യുന്ന എലപ്പുള്ളി റൂറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ടെണ്ടർ അംഗീകരിച്ച് സാമഗ്രികൾ വാങ്ങുന്നതിനാവശ്യമായ നടപടികൾ കൈകൊള്ളുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. 28.01.2023 ലെ 5(2) നം.ഭരണസമിതി തീരുമാന പ്രകാരം ഏലപ്പുള്ളി റൂറൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ടെണ്ടർ അംഗീകരിച്ചു.

ടെണ്ടർ സ്പെസിഫിക്കേഷനിൽ പറയാത്ത യാതൊരു കാരണങ്ങളും ചൂണ്ടികാണിച്ച് കുറവ് നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കാൻ പാടുള്ളതല്ല. ബൾബുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സാങ്കേതിക പരിശോധന റിപ്പോർട്ട് ഇല്ല. പ്രൊക്യൂർമെന്റ് മാർഗരേഖയിൽ സ്പെസിഫിക്കേഷനിൽ ബ്രാന്റ് നെയിം ഒഴിവാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിരിക്കെ ഏറ്റവും കൂടിയ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനം മികച്ച ബ്രാന്റ് ക്വാട്ട് ചെയ്തിട്ടുണ്ട് എന്നതിനാൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനങ്ങളുടെ ടെണ്ടർ നിരസിച്ചത് മാർഗരേഖയുടെ ലംഘനമാണ്. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കിയതു മൂലം ഗ്രാമപഞ്ചായത്തിന് 116191 രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/16.10.23) നൽകിയ മറുപടി ഉൾപ്പെടെ വിശദ വിവരങ്ങൾ ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

കുറഞ്ഞ നിരക്ക് ഒഴിവാക്കിയതുമൂലം പഞ്ചായത്തിനുണ്ടായ 116191 രൂപയുടെ നഷ്ടം 28.01.2023 ലെ യോഗത്തിൽ പങ്കെടുത്ത ഭരണസമിതി അംഗങ്ങളിൽനിന്നും, സെക്രട്ടറിയിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

* വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് മാർഗരേഖ കർശനമായി പാലിക്കേണ്ടതാണ്.

* ആവശ്യകത ഉറപ്പുവരുത്തി മാത്രം ലൈറ്റുകൾ വാങ്ങേണ്ടതാണ്.

## 1-20 മെർക്കുറി ലൈറ്റുകൾ മാറ്റി എൽ.ഇ.ഡി ലൈറ്റാക്കി മാറ്റൽ - കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കി

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 79 മെർക്കുറി ലൈറ്റുകൾ മാറ്റി എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്ട് രൂപീകരിക്കുകയും 14.12.2022 ന് ടെണ്ടർ ക്ഷണിക്കുകയും, ഒറ്റ ടെണ്ടർ മാത്രം ലഭിച്ചതിനാൽ 07.01.2023 ന് റീ ടെണ്ടർ ചെയ്യുകയും 4 പേർ ടെണ്ടറിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. പ്രൊജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | 223/23 മെർക്കുറി ലൈറ്റുകൾ മാറ്റി എൽ.ഇ.ഡി ലൈറ്റാക്കി മാറ്റൽ |
| അടങ്കൽ | 300000 രൂപ - ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 300000 രൂപ |
| ബിൽ നം. | 423/24.03.23- 276000 രൂപ |
| | 424/24.03.23-24000 രൂപ |
| കരാറുകാരൻ | എലപ്പുള്ളി റൂറൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റി |

സ.ഉ(പി)നം.07/2019/SPD തിയതി 26-04-2019 പ്രകാരം 25000 രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾ (കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെ) നടത്തുമ്പോൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM (Government E Marketplace) ൽ സാധനങ്ങൾ ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതും GeM ൽ ലഭ്യമായവ GeM മുഖേന നിർബന്ധമായും വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന് ആവശ്യമായ ഉപകരണങ്ങൾ GeM ൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ടെണ്ടർ മുഖാന്തിരം വാങ്ങുന്നതിന് തീരുമാനിച്ചു. എന്നാൽ GeM ൽ പരിശോധിച്ചതിന്റെ യാതൊരുവിധ രേഖകളും ഫയലിൽ ഇല്ല.

ടെണ്ടർ സമർപ്പിച്ച എല്ലാ സ്ഥാപനങ്ങളും ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമാണ് നിരക്ക് കാണിച്ചിരിക്കുന്നത്. ടെണ്ടർ സ്പെസിഫിക്കേഷനിൽ റീ പ്ലേസ്മെന്റ് വാറണ്ടി, സാമ്പിൾ ഹാജരാക്കുക, ISO/ISI സർട്ടിഫിക്കറ്റ് എന്നിവ ആവശ്യപ്പെട്ടിരുന്നില്ല.

സ.ഉ (കൈ)നം.115/2022/ത.സ്വ.ഭ.വ തീ 28.05.2022 പ്രകാരം പുറപ്പെടുവിച്ച 14-ാം പഞ്ചവത്സര പദ്ധതി യുടെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.20പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ

08.11.2010പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ വാങ്ങലിന്റെ ആവശ്യം തിരിച്ചറിഞ്ഞ് സ്പെസിഫിക്കേഷൻ തയ്യാറാക്കേണ്ടതും ആയത് പ്രകാരം വാങ്ങൽ പദ്ധതി അന്തിമമാക്കുകയും ചെയ്യേണ്ടതിന്റെ പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്.

18.01.2023 ലെ 2-ാം നമ്പർ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാന പ്രകാരം റിജു ഏജൻസീസ് കടമ്പഴിപ്പുറം, ഏഷ്യൻ മാർക്കറ്റിംഗ്, വാഴക്കോട്, മലപ്പുറം എന്നിവർ പ്രിലിമിനറി എഗ്രിമെന്റ് സമർപ്പിച്ചിട്ടില്ലാത്തതിനാൽ അപൂർണ്ണമായത് നിരസിക്കുന്നതിനും, എറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയത് New Cable Point Thrissur എന്ന സ്ഥാപനം സമർപ്പിച്ച Lukkerഎൽ.ഇ.ഡി ബൾബിന് 1 വർഷത്തെ Manufacturing Defect Warrenty മാത്രമേ ഉള്ളൂ എന്നതിനാലും, ഏറ്റവും ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ ഏലപ്പുള്ളി റൂറൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റി വിതരണം ചെയ്യാം എന്ന് സമ്മതിച്ച LED ബൾബ് Crompton ബ്രാന്റ് ആകയാലും 1 വർഷത്തെ Replacement Warranty ഉള്ളതും യോഗം വിലയിരുത്തി, തെരുവു വിളക്കുകൾ കത്തിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാൽ ഏറ്റവും കൂടിയ നിരക്ക് ആണെങ്കിലും മികച്ച ബ്രാൻഡായ Crompton ബൾബ് വിതരണം ചെയ്യുന്ന ഏലപ്പുള്ളി റൂറൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ടെണ്ടർ അംഗീകരിച്ച് സാമഗ്രികൾ വാങ്ങുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ല. 28.01.2023 ലെ 5(2) നം.ഭരണസമിതി തീരുമാന പ്രകാരം എലപ്പുള്ളി റൂറൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ടെണ്ടർ അംഗീകരിച്ചു.

ടെണ്ടർ സ്പെസിഫിക്കേഷനിൽ പറയാത്ത യാതൊരു കാരണങ്ങളും ചൂണ്ടികാണിച്ച് കുറവ് നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കാൻ പാടുള്ളതല്ല. ബൾബുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സാങ്കേതിക പരിശോധന റിപ്പോർട്ട് ഇല്ല. പ്രൊക്യൂർമെന്റ് മാർഗരേഖയിൽ സ്പെസിഫിക്കേഷനിൽ ബ്രാന്റ് നെയിം ഒഴിവാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിരിക്കെ ഏറ്റവും കൂടിയ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനം മികച്ച ബ്രാന്റ് ക്വാട്ട് ചെയ്തിട്ടുണ്ട്, എന്നതിനാൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനങ്ങളുടെ ടെണ്ടർ നിരസിച്ചത് മാർഗരേഖയുടെ ലംഘനമാണ്. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കിയതു മൂലം ഗ്രാമപഞ്ചായത്തിന് 126300 രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്.

പ്രൊക്യൂർമെന്റ് മാർഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ടെണ്ടർ സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്താത്ത കാരണങ്ങൾ ചൂണ്ടിക്കാണിച്ച് കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ ഒഴിവാക്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/16.10.23) നൽകിയ മറുപടി ഉൾപ്പെടെ വിശദ വിവരങ്ങൾ ഖണ്ഡിക 3-2 ൽ ചേർത്തിട്ടുണ്ട്. കുറഞ്ഞ നിരക്ക് ഒഴിവാക്കിയതുമൂലം പഞ്ചായത്തിനുണ്ടായ 126300 രൂപയുടെ നഷ്ടം 28.01.2023 ലെ യോഗത്തിൽ പങ്കെടുത്ത ഭരണസമിതി അംഗങ്ങളിൽനിന്നും, സെക്രട്ടറിയിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

* വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് മാർഗരേഖ കർശനമായി പാലിക്കേണ്ടതാണ്.

* ആവശ്യകത ഉറപ്പുവരുത്തി മാത്രം ലൈറ്റുകൾ വാങ്ങേണ്ടതാണ്.

## 1-21 തെരുവു വിളക്ക് മെയിന്റനൻസ് സാധനങ്ങൾ വാങ്ങൽ - അംഗീകരിച്ച നിരക്കിലും അധികം തുക നൽകി

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവു വിളക്കുകളുടെ മെയിന്റനൻസിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷത്തിൽ പ്രൊജക്ട് രൂപീകരിക്കുകയും ടെണ്ടർ മുഖാന്തിരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ KSIE പാലക്കാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ, 12.01.2021 ലെ 4(1) നം. തീരുമാന പ്രകാരം പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുകയും 03.02.2021 ലെ കരാർ പ്രകാരം 1 വർഷത്തേക്ക് പ്രസ്തുത സ്ഥാപനം പ്രവൃത്തി നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്.

25.04.2022 ലെ10(1) നം. പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ മെയിന്റനൻസിനായി 2021-22 വർഷത്തിൽ കരാറുണ്ടായിരുന്ന KSIE പാലക്കാടുമായി, കഴിഞ്ഞ വർഷത്തെ അതേ നിരക്കിൽ മെയിന്റനൻസ് നടത്താൻ തയ്യാറാണെങ്കിൽ പുതിയ കരാറിൽ ഏർപ്പെടുന്നതിന് തീരുമാനിച്ചു. 09.05.2022ന് പുതിയ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം എടുത്തതായി മിനുട്സിൽ രേഖപ്പെടുത്തലുകളില്ല.

**1994** ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ **15** പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. കരാറിന്റെ കാലാവധി ഒരു വർഷം മാത്രമാണ് എന്നിരിക്കെ കരാർ കാലാവധി കഴിയുന്ന മുറയ്ക്ക് പുതിയ വാങ്ങൽ നടപടിക്രമങ്ങൾ ആരംഭിക്കാതെ, മുൻവർഷത്തെ കരാറുകാരനുമായി പുതിയ കരാറിൽ ഏർപ്പെട്ട് സപ്ലൈ ഓർഡർ കൊടുത്തത് പ്രൊക്യൂർമെന്റ് നടപടികളുടെ ലംഘനമാണ്.

സ.ഉ(പി)നം.07/2019/SPD തിയതി 26-04-2019 പ്രകാരം 25000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ (കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെ) നടത്തുമ്പോൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM (Government E Marketplace) ൽ സാധനങ്ങൾ ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതും GeM ൽ ലഭ്യമായവ GeM മുഖേന നിർബന്ധമായും വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ GeM ൽ പരിശോധിച്ചതിന്റെ യാതൊരുവിധ രേഖകളും ഫയലിൽ ഇല്ല.

പ്രോജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രൊജക്ട് | 36/23 തെരുവു വിളക്ക് മെയിന്റനൻസ് (സ്പിൽ ഓവർ) |
| അടങ്കൽ | 500000 രൂപ – തനതുഫണ്ട് |
| ചെലവ് | 453429 രൂപ |
| വൗച്ചർനം. | 22200445/18.10.22- 226715 രൂപ |
| | 22200593/31.03.23- 226714 രൂപ |
| കരാറുകാരൻ | KSIE പാലക്കാട് |

തെരുവു വിളക്ക് പരിപാലനത്തിന് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് KSIE പാലക്കാട് സമർപ്പിച്ച ടെണ്ടറിൽ, 12.01.2021 ലെ 4(1), 25.04.2022ലെ 10(1) നം. എന്നീ ഭരണസമിതി തീരുമാനങ്ങൾ പ്രകാരം അംഗീകരിച്ച നിരക്കിൽ കൂടുതലായി കരാറുകാരൻ സാധനങ്ങൾ സപ്ലൈ ചെയ്തതിന്റെ തുക നൽകിയതു മൂലം 6167 രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/16.10.23) നൽകിയ മറുപടി ഉൾപ്പെടെ വിശദ വിവരങ്ങൾ ഖണ്ഡിക 3-3 ൽ ചേർത്തിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

* വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് മാർഗരേഖ കർശനമായി പാലിക്കേണ്ടതാണ്.

* ആവശ്യകത ഉറപ്പുവരുത്തി മാത്രം ലൈറ്റുകൾ വാങ്ങേണ്ടതാണ്.

**1-22 ഗ്രാമീണ പഠന കേന്ദ്രം- നിർമ്മാണത്തിലെ അപാകതകൾ**

2016-17 വർഷത്തിൽ ലഭിച്ച ഗ്രീൻ കേരള എക്സ്പ്രസ് അവാർഡ് തുക 10000000 രൂപയും തനത് ഫണ്ട് വിഹിതവും ഉൾപ്പെടുത്തി 24370000 രൂപ അടങ്കലിൽ, എലപ്പുള്ളി പഞ്ചായത്തിന്റെ അധീനതയിലുള്ള പേട്ട എന്ന സ്ഥലത്ത് സ്റ്റേഡിയം ഗ്രൗണ്ടിനോട് ചേർന്ന് ഓഡിറ്റോറിയം, ഗസ്റ്റ് ഹൌസ് എന്നിവ ഉൾപ്പെടുന്ന ആധുനിക രീതിയിലുള്ള ഗ്രാമീണ പഠന കേന്ദ്രം Cost Effective മാതൃകയിൽ COSTFORD, Thrissur എന്ന അക്രഡിറ്റഡ് ഏജൻസി മുഖാന്തിരം നിർവ്വഹിക്കുന്നതിന് 15.09.2018 ൽ ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിട്ടുണ്ട്.

15.11.2018 ന് COSTFORD ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട് (നം.1398/2018-19/15.11.2018) കരാറിലെ വ്യവസ്ഥ നം.5 പ്രകാരം 20% തുക മുൻകൂർ ആയും, 2,3,4 ഗഡുക്കൾ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്കും(90% വരെ) 5ാം ഗഡു ഫൈനൽ ബിൽ അംഗീകരിക്കുന്ന മുറയ്ക്കും നൽകുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഖണ്ഡിക 10 പ്രകാരം 8% സൂപ്പർവിഷൻ ചാർജ്ജ് ഈടാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 27.11.2018 ന് 4496000 രൂപ മുൻകൂർ നൽകിയിട്ടുണ്ട്. തൻവർഷത്തെ പ്രോജക്ട് വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | 32/23 ഗ്രാമീണ പഠന കേന്ദ്രം കെട്ടിടം പൂർത്തീകരണം (സ്പിൽ ഓവർ) |
| അടങ്കൽ | 6363008 രൂപ തനതു ഫണ്ട് |
| പി.എ.സി | 18021366 രൂപ |
| നിർവ്വഹണം | സെക്രട്ടറി |

| | |
|---|---|
| കരാർനം.തീയതി | 1398/2018-19/15.11.2018 |
| കരാറുകാരൻ | COST FORD തൃശ്ശൂർ |
| സാങ്കേതിക അനുമതി | 107/2018-19/16.10.2018- 24370000 രൂപ |
| കാലാവധി | 31.03.2020 |
| ചെലവ് | 3703508 രൂപ |
| വൗച്ചർ നം.തീയതി | 22200613/14.12.22- 3000000 രൂപ |
| | 22200729/27.01.23 – 703508 |

07.05.2021 ലെ 14(1) നം. ഭരണ സമിതി തീരുമാന പ്രകാരം 2018-19 ൽ പ്രവൃത്തി ആരംഭിക്കുകയും 90 % തുക കൈപ്പറ്റി പ്രവർത്തനം നിർത്തി വെക്കുകയും ചെയ്തതിനാൽ, കോവിഡ് മഹാമാരിക്കാലത്തു പോലും പൊതുജനങ്ങൾക്ക് പ്രസ്തുത സ്ഥാപനം ഉപയോഗപ്പെട്ടില്ല എന്നും, പഞ്ചായത്തിനുണ്ടാകുന്ന നഷ്ടം നിയമപരമായ നടപടികളിലൂടെ ഈടാക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 16.06.2021 ന് COST FORD ന്, എ2-2/21 നം.കത്ത് നൽകി. ആയതിന് 25.06.21 ലെ COST FORD/796/2018 നം.കത്ത് പ്രകാരം ഓഡിറ്റോറിയം, ഗസ്റ്റ് ഹൌസ് എന്നിവയുടെ വർക്കിൽ എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്നതിനേക്കാൾ അധികം അളവുകൾ ചെയ്യേണ്ടി വന്നതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതാണെന്നും ആയതിന് 10 ദിവസത്തെ സമയം വേണമെന്നും ആവശ്യപ്പെട്ടു.

22.07.2021 ലെ COST FORD/796/2018 നം.കത്ത് പ്രകാരം 26595000 രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 10.01.2022 ലെ 1(4) നം.തീരുമാന പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 04.05.2022ന് COSTFORD സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയും 31.05.2022 ന് പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്ന് എഗ്രിമെന്റിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയായും പ്രവൃത്തി പൂർത്തീകരിക്കുകയോ ഫൈനൽ ബിൽ സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

തൻവർഷം പുതുക്കിയ എസ്റ്റിമേറ്റിന്റെ 90% പ്രവൃത്തികൾ പൂർത്തിയായതായും, 20231992 രൂപയുടെ വിനിയോഗ സാക്ഷ്യപത്രവും 3703508 രൂപ നൽകുന്നതിനും (26595000/90/100=23935500, 23935500-20231992=3703508) 02.11.2022 ലെ COSTFORD/796/2018നം. കത്ത് പ്രകാരം നൽകിയിട്ടുണ്ട്. ആയതിനെ അടിസ്ഥാനമാക്കി തൻവർഷം 3703508 രൂപ നൽകിയിട്ടുണ്ട്. എന്നാൽ വൌച്ചർ നം. 22200729/27.01.23 പ്രകാരം നൽകിയ 703508 രൂപ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

പ്രവൃത്തിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്നപ്രകാരം അപാകതകൾ കാണുന്നു.

**1) എഗ്രിമെന്റ് ചമച്ചത് മതിയായ നിരക്കിലുള്ള സ്റ്റാമ്പ് പേഷറിലല്ല.**

കേരള ഫിനാൻസ് ആക്ട്, 2018 പ്രകാരം 1-4-2018 മുതൽ മരാമത്ത് പ്രവൃത്തികൾക്കും, സേവനങ്ങൾക്കും എഗ്രിമെന്റുകൾക്ക് പ്രത്യേക സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് ഏർപ്പെടുത്തുകയും 1959 ലെ കേരള സ്റ്റാമ്പ് ആക്ടിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. മരാമത്ത് പ്രവൃത്തികൾക്കുള്ള എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി ഓരോ 1000/- രൂപയ്ക്കും 1/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. കുറഞ്ഞത് 200/-രൂപയും പരമാവധി 1 ലക്ഷം രൂപയുമായി സ്റ്റാമ്പ് ഡ്യൂട്ടി നിജപ്പെടുത്തിയിട്ടുമുണ്ട്. നിർവ്വഹണ ഏജൻസിയുമായി ആകെ 200/ രൂപയുടെ മുദ്രപത്രത്തിലാണ് എഗ്രിമെന്റ് ചമച്ചിട്ടുള്ളത്. എഗ്രിമെന്റിന് നിശ്ചിത മൂല്യമില്ലാത്തതിനാൽ കരാറിന് നിയമപരമായ സാധുതയില്ല എന്ന് വിലയിരുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കരാർ തുക | 18021366 രൂപ |
| എഗ്രിമെന്റ് ചമയ്ക്കേണ്ടിയിരുന്നത് | 18021 രൂപ |
| എഗ്രിമെന്റ് ചമച്ചത് | 200 രൂപ |
| കുറവ് | 17821 രൂപ |

സ്റ്റാമ്പ് പേപ്പർ മൂല്യത്തിൽ 17821 രൂപയുടെ നഷ്ടം സംസ്ഥാന സർക്കാറിന് ഉണ്ടായിട്ടുണ്ട്.

ജി.ഓ(പി)നം.311/2014/ഫിൻ.തീയതി.30.07.2014ലെ വ്യവസ്ഥകൾ പ്രകാരമാണ് കരാർ ചമക്കേണ്ടിയിരുന്നത്, ആയത് പ്രകാരം കരാർ ചമച്ച് കഴിഞ്ഞാൽ 20 % തുക മുൻകൂർ നൽകുന്നതിനും, പിന്നീട് വിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 15% വീതവുമാണ് നൽകുന്നതിന് അർഹതയുള്ളത്, എന്നാൽ കരാറിൽ 20% തുക വീതം മുൻകൂർ നൽകുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

**2) സെന്റേജ് ചാർജ്ജ് അധികം നൽകി**

ജി.ഓ(പി)നം.95/2017/ഫിൻ.തീയതി 25.07.2017 പ്രകാരം 3 കോടി രൂപയ്ക്ക് താഴെയും 1 കോടി രൂപ വരെയും ചെലവ് വരുന്ന എല്ലാ നിർമ്മാണ പ്രവൃത്തികൾക്കും കുറഞ്ഞത് 8 ലക്ഷം രൂപ എന്നതിനു വിധേയമായി 7 % മാത്രമാണ് സെന്റേജ് ചാർജ്ജിന് അർഹതയുള്ളത്. എന്നാൽ കരാറിൽ 8% സെന്റേജ് ചാർജ്ജ് ഉൾപ്പെടുത്തിയിരിക്കുന്നു. അധികം നൽകിയ സെന്റേജ് ചാർജ്ജ് തിരികെ ഈടാക്കേണ്ടതാണ്.

ജി.ഓ(പി)നം.118/2018/ഫിൻ.തീയതി 03.08.2018 പ്രകാരം സെന്റേജ് ചാർജ്ജിന്റെ 50 % തുക മുൻകൂർ ആയും, പിന്നീട് പ്രവൃത്തി പൂർത്തീകരണത്തിന് ശേഷം ബാക്കി 50% തുക നൽകാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

**3) കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല- പിഴ ഈടാക്കിയിട്ടില്ല.**

കരാറിലെ ക്രമനം. 11 പ്രകാരം സൈറ്റ് കൈമാറി 7 ദിവസത്തിനകം പ്രവൃത്തി ആരംഭിക്കുന്നതാണെന്ന് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പൂർത്തീകരിക്കേണ്ട തീയതി ചേർത്തിട്ടില്ല. 04.05.2022 ന് സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടുണ്ട് ആയതിലെ ഖണ്ഡിക 3 ൽ 31.05.2022 ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു എന്ന് ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ പൂർത്തീകരണ കാലാവധി ഔദ്യോഗികമായി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെങ്കിലും ആവശ്യമായ പിഴ ഈടാക്കിയിട്ടില്ല.

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ ഓരോ പ്രാവശ്യവും പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. എന്നാൽ അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ഒരു കാരണവശാലും ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്. ആയതിനാൽ പിഴ തുക 150000/- രൂപ ഈടാക്കേണ്ടതാണ്

**4) നികുതികൾ കുറവ് ചെയ്തിട്ടില്ല**

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ ഇടപാടുകളിലും 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

ആദായ നികുതി നിയമം സെക്ഷൻ 194 സി പ്രകാരം സേവന ദാതാക്കളിൽനിന്നും, കരാറുകാരിൽനിന്നും ആദായ നികുതി ഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. (വ്യക്തികൾ 1%, സ്ഥാപനങ്ങൾ 2%)
കേരള കൺസ്ട്രക്ഷൻ വെൽഫെയർ ഫണ്ട് ആക്ട് 1989 സെക്ഷൻ 8(2) ,സർക്കുലർ നം 2173/C3/97/ത.ഭ.വ. തി 18,03.97 എന്നിവ പ്രകാരം ലേബർ ഘടകം ഉൾപ്പെട്ടിട്ടുള്ള എല്ലാ കരാറുകളിൽ നിന്നും കരാർ തുകയുടെ 1% തുക ബില്ലിൽ നിന്നും കുറവുവരുത്തി നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ അടവാക്കേണ്ടതാണ്.
ഓഡിറ്റ് ടീം സ്ഥല പരിശോധന നടത്തിയതിൽ, ഓഡിറ്റോറിയത്തിന്റെ ബിൽഡിംഗ് സ്ട്രക്ച്ചർ നിർമ്മാണം പൂർത്തിയായിട്ടുണ്ട്, കിച്ചൺ, ഇന്റീരിയർ പ്രവൃത്തികൾ, ഇലക്ട്രിഫിക്കേഷൻ, ലിഫ്റ്റ്, ഫർണ്ണീച്ചർ എന്നിവയുടെ പ്രവർത്തനങ്ങൾ അവശേഷിക്കുന്നതായും ഗസ്റ്റ് ഹൌസിന്റെ നിർമ്മാണം പൂർത്തിയായി, വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല എന്നും ബോധ്യപ്പെട്ടു.

നിയമാനുസൃതം ഈടാക്കേണ്ട നികുതികൾ മേൽ സ്ഥാപനത്തിൽനിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ അടവാക്കാതെ തുക നൽകിയതിനും, അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23/17.10.2023) പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകുന്നതിനു മുൻപ് നിയമാനുസൃതമായ നികുതികൾ കുറവ് ചെയ്യുന്നതാണെന്നും, സ്റ്റാമ്പ് പേപ്പർ മൂല്യത്തിൽ കുറവ് വന്ന തുക അടവാക്കുന്നതിനും COSTFORD ന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.
2. ഫൈനൽ ബില്ലിൽനിന്നും നിയമാനുസൃത നികുതികൾ കുറവ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

3. സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ പിഴ ഇനത്തിൽ ഈടാക്കേണ്ട 150000 രൂപ ഈടാക്കേണ്ടതാണ്

4. സ്റ്റാമ്പ് പേപ്പർ മൂല്യത്തിൽ കുറവ് വന്ന 17821 രൂപ ഈടാക്കി സർക്കാറിലേക്ക് അടക്കേണ്ടതാണ്.

5. പൊതുമരാമത്ത് മാന്വൽ, അക്രഡിറ്റഡ് ഏജൻസി മാർഗ്ഗരേഖ, പദ്ധതി മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിച്ച് മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കേണ്ടതാണ്.

**1-23 ഗ്രാമപഞ്ചായത്ത് ഓഫീസിൽ ക്യാബിൻ സജ്ജീകരണം- അക്രഡിറ്റഡ് ഏജൻസി മാർഗ്ഗരേഖ പാലിച്ചില്ല.**

ഗ്രാമപഞ്ചായത്ത് ഓഫീസിലേക്കും, ഘടക സ്ഥാപനങ്ങളിലേക്കും ഓഫീസ് ക്യാബിൻ സജ്ജീകരിക്കുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷത്തിൽ വർക്ക് സ്റ്റേഷൻ മാതൃകയിൽ ഓഫീസുകൾ സജ്ജികരിക്കുന്നതിനായി, ജി.ഓ(പി) നം.104/2022/ഫിൻ. തീ 02.09.2022 ലെ ഉത്തരവ് പ്രകാരം അംഗീകാരമുള്ള അക്രഡിറ്റഡ് ഏജൻസി മുഖാന്തിരം താഴെ പറയുന്ന പ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| പ്രോജക്ട് | 255/23 ഗ്രാമപഞ്ചായത്ത് ഓഫീസിൽ ക്യാബിൻ സജ്ജീകരണം | 263/23 ഘടക സ്ഥാപനങ്ങൾക്ക് ഓഫീസ് ക്യാബിൻ സജ്ജീകരണം |
|---|---|---|
| അടങ്കൽ | 1050000 രൂപ വികസന ഫണ്ട് 950000 രൂപ തനതു ഫണ്ട്. ആകെ 2000000 രൂപ | 1000000 രൂപ മെയ്ന്റനൻസ് ഗ്രാന്റ് - നോൺ റോഡ് |
| ചെലവ് | 1524207 രൂപ | 499168 രൂപ |
| ബിൽ/ വൗച്ചർ നം. | 77/28.03.23-600720 രൂപ<br>22200981/17.03.23-499442 രൂപ<br>22200963/17.03.23-424045 രൂപ | 80/28.03.23- 499168 രൂപ |
| കരാറുകാരൻ | സിഡ്കോ, പാലക്കാട് | സിഡ്കോ, പാലക്കാട് |

അക്രഡിറ്റഡ് ഏജൻസി മാർഗ്ഗരേഖ സ.ഉ(പി)നം.311/14/ഫിൻ/30.7.2014 ലെ അനക്സർ II ഖണ്ഡിക 1 ൽ സ്വന്തമായി എഞ്ചിനീയറിങ് വിഭാഗമുള്ള സ്ഥാപനങ്ങൾക്ക് തങ്ങളുടെ എഞ്ചിനീയറിങ് വിഭാഗത്തിന് സാങ്കേതിക പരിജ്ഞാനം ഇല്ലാത്ത മേഖലയിലുള്ള പ്രവൃത്തികൾ സർക്കാറിന്റെ മുൻകൂർ അനുമതിയോടെ മാത്രം അക്രഡിറ്റഡ് ഏജൻസികളെ ഏല്പിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സ.ഉ.(പി)നം.77/2019/ഫിൻ.തീ 04.07.2019 പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്കുള്ള അക്രഡിറ്റഡ് ഏജൻസികളുടെ ലിസ്റ്റിൽ SIDCO വിന് General Civil Construction Works Of Govt. Depatrments Other Than PWD As PMC എന്ന രീതിയിൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാണ് അനുമതിയുള്ളത്.

സ.ഉ (കൈ)നം.84/2022/ത.സ്വ.ഭ.വ തീ 19.04.2022 പ്രകാരം പുറപ്പെടുവിച്ച 14-ാം പഞ്ചവത്സര പദ്ധതി യുടെ പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 12.2(സി) പ്രകാരം നിർമ്മാണ പ്രവൃത്തികൾക്ക് അക്രഡിറ്റഡ് ഏജൻസികളെ ഏല്പിക്കുമ്പോൾ ധനകാര്യ വകുപ്പിന്റെ ഉത്തരവുകൾ കർശനമായി പാലിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ജി.ഒ.(പി)നം. 95/2017/Fin തിയതി, 25.7.2017 ഉത്തരവിലെ ഖണ്ഡിക 3(3) പ്രകാരം സാങ്കേതിക ആവശ്യകതകളും സെന്റേജ് ചാർജ് മുതലായവയും അടിസ്ഥാനമാക്കി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അക്രെഡിറ്റഡ് ഏജൻസികളിൽ നിന്നും ഒരു ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനായി ഭരണ വകുപ്പ് നീതിപൂർവ്വവും മത്സരാധിഷ്ഠിതവുമായ ബിഡ്ഡിംഗ് നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു.

16.01.2023 ലെ എ2-22/2022 നം.കത്ത് പ്രകാരം വർക്ക് സ്റ്റേഷൻ മാതൃകയിൽ ഓഫീസുകൾ സജ്ജികരിക്കുന്നതിനായി അക്രഡിറ്റഡ് ഏജൻസികൾക്ക് ബാധകമായ ഉത്തരവുകൾക്ക് അനുസൃതമായി പ്രവൃത്തിയുടെ തരം, ടെക്നിക്കൽ റിക്വയർമെന്റ്, പി.എം.സി ചാർജ്ജ് എന്നിവ കാണിച്ച് എസ്റ്റിമേറ്റ് അയച്ചു തരുന്നതിന് ARTCO, SIDCO, RUBCO എന്നീ സ്ഥാപനങ്ങൾക്ക് കത്ത് നൽകുകയും, വിവിധ സ്ഥാപനങ്ങൾ സെന്റേജ്/പി.എം.സി ചാർജ്ജ് ഉൾപ്പെടുത്താതെ പ്രൊഫോർമ്മ ഇൻവോയ്സ് അയച്ച് നൽകുകയും ചെയ്തു. ആയതിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ SIDCO പാലക്കാടിന്റെ നിരക്ക് 28.01.2023 ലെ 5(5) നം. തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചു. 15.02.2023 ന് SIDCO, ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

പി.എം.സി വ്യവസ്ഥയിൽ പ്രവൃത്തി നിർവ്വഹിക്കാൻ അനുമതിയുള്ള SIDCO, ടെണ്ടറിലൂടെ ഒരു കരാറുകാരനെ തെരഞ്ഞെടുക്കുകയും, പി.എം.സി/സെന്റേജ് ചാർജ്ജ് മാത്രം കൈപ്പറ്റുകയും ചെയ്യേണ്ടതാണ്. എന്നാൽ SIDCO നേരിട്ട് പ്രവൃത്തി നിർവ്വഹിക്കുകയും തുക കൈപ്പറ്റുകയും ചെയ്തതായി കാണുന്നു, ആയത് അക്രഡിറ്റഡ് ഏജൻസി മാർഗരേഖയ്ക്ക് വിരുദ്ധമാണ്.

പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, സാങ്കേതിക അനുമതി, മെഷർമെന്റ് പുസ്തകം എന്നിവ ഫയലിൽ ലഭ്യമല്ല, ഇൻവോയ്സുകളുടെ അടിസ്ഥാനത്തിലാണ് തുക നൽകിയിരിക്കുന്നത്. ഇൻവോയ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | 255/23 ഗ്രാമപഞ്ചായത്ത് ഓഫീസിൽ ക്യബിൻ സജ്ജീകരണം | 263/23 ഘടക സ്ഥാപനങ്ങൾക്ക് ഓഫീസ് ക്യബിൻ സജ്ജീകരണം |
|---|---|---|
| 1 | PKD/22-2/130/09.03.23-424045 | PKD/22-23/231/27.03.23 -499168 രൂപ |
| 2 | PKD/22-2/133/09.03.23-499442 | |
| 3 | PKD/22-23/131/09.03.23-482714 | |
| 4 | PKD/22-23 /132/09.03.23-293525 (118006 രൂപ മാത്രമേ തൻവർഷം നൽകിയിട്ടുള്ളത്) | |

**ആദായ നികുതി ഈടാക്കിയിട്ടില്ല.**

ആദായ നികുതി നിയമം സെക്ഷൻ 194 സി പ്രകാരം കരാറുകാരിൽനിന്നും, സേവന ദാദാക്കളിൽനിന്നും 2% (വ്യക്തികൾ 1%,സ്ഥാപനങ്ങൾ 2%) ആദായ നികുതി ഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കരാറുകാരിൽനിന്നും ആദായ നികുതി 2% കുറവ് ചെയ്യാതെയാണ് തുക നൽകിയിരിക്കുന്നത്.

നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സ.ഉ(കൈ)നം. 84/2022/ത.സ്വ.ഭ.വ തീയതി: 19.04.2022 പ്രകാരമുള്ള 14-ാം പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 3.5.1(2)i പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തേണ്ട ചുമതല എഞ്ചിനീയറിംഗ് വിഭാഗത്തിനാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഖണ്ഡിക 3.5.1(3) VII പ്രകാരം ചുമതലപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരുടെ അഭാവത്തിൽ തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറിക്കോ, വൈദഗ്ധ്യമേഖല കണക്കിലെടുത്ത് മറ്റ് അനുയോജ്യരായ ഉദ്യോഗസ്ഥർക്കോ, പ്രൊജക്ടുകളുടെ ചുമതല ഭരണ സമിതി തീരുമാന പ്രകാരം നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സേവനം ലഭ്യമായിരിക്കെ, സെക്രട്ടറി മേൽ പ്രൊജക്ടിന്റെ നിർവ്വഹണം നടത്തിയത് ക്രമപ്രകാരമല്ല.

പ്രൊക്യൂർമെന്റ് മാർഗരേഖ, അക്രഡിറ്റഡ് ഏജൻസി ഉത്തരവുകൾ എന്നിവ പാലിക്കാതെ പ്രവൃത്തി നിർവ്വഹിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.16/16.10.23) പദ്ധതിക്കാലയളവിലെ ഓഫീസ് വളരെ ശോചനീയവും, ജീവനക്കാർക്ക് ഫയലുകൾ കൈകാര്യം ചെയ്യുന്നതിനും, സൂക്ഷിക്കുന്നതിനും, കമ്പ്യൂട്ടറുകളും ഇലക്ട്രോണിക് ഉപകരണങ്ങളും വെക്കുന്നതിനും മതിയായ സൌകര്യങ്ങൾ ഇല്ലായിരുന്നു. തന്മൂലം പൊതുജനങ്ങൾക്ക് യഥാവിധി സേവനങ്ങൾ നൽകുന്നതിന് ബോധപൂർവ്വമല്ലാത്ത കാലതാമസം വന്നിട്ടുണ്ടെന്നും, അസിസ്റ്റന്റ് എഞ്ചിനീയർക്ക് തൻകാലയളവിൽ പദ്ധതികളുടെ എണ്ണം കൂടുതലായതിനാൽ കഴിവതും വേഗം പ്രവൃത്തി നടത്തുന്നതിന് വർക്ക് സ്റ്റേഷൻ മാതൃകയിൽ നിർവ്വഹിച്ചതെന്നും, ആദായ നികുതി SIDCO വിൽനിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അക്രഡിറ്റഡ് ഏജൻസി മാർഗരേഖ, 14ാം പദ്ധതി മാർഗരേഖ, പൊതുമരാമത്ത് മാന്വൽ എന്നിവയിലെ വ്യവസ്ഥകൾക്ക് വിരുമായി പ്രവൃത്തി നിർവ്വഹിച്ചതിനാൽ ചെലവ് തുക 2023375 രൂപ (1524207+499168) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

* പദ്ധതി മാർഗരേഖ, പൊതുമരാമത്ത് മാന്വൽ എന്നിവയിലെ വ്യവസ്ഥകൾ പാലിച്ച മാത്രം മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കേണ്ടതാണ്.

* പ്രവൃത്തികളുടെ മെഷർമെന്റ് പുസ്തകം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

* നിയമാനുസൃത നികുതികൾ കുറവ് ചെയ്ത്, ബന്ധപ്പെട്ട വകുപ്പുകളിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-24 ആംബുലൻസ് വാങ്ങൽ -സപ്ലൈയറിൽനിന്നും ജി.എസ്.ടി കുറവ് ചെയ്തിട്ടില്ല.**

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. എന്നാൽ നിയമാനുസൃത നികുതികൾ കുറവു ചെയ്യാതെയാണ് താഴെ പറയുന്ന പ്രൊജക്ടിൽ തുക നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 44/23 ആംബുലൻസ് വാങ്ങൽ (സ്പിൽ ഓവർ) |
| അടങ്കൽ | 1500000 രൂപ തനതുഫണ്ട് |
| ചെലവ് | 1425889 രൂപ |
| നിർവ്വഹണം | സെക്രട്ടറി |
| സപ്ലൈയർ | ടാറ്റാ മോട്ടോഴ്സ്, കൊച്ചി |
| വൌച്ചർ നം.തീയതി | 22200041/22.04.20222- 1400000 രൂപ |
| ഇൻവോയ്സ് നം. | KA0100215200/28.03.22- (1093750 + 306250 GST@ 28% ) |
| ഈടാക്കേണ്ടിയിരുന്ന GST @ 2% | 21875 രൂപ |

നിയമാനുസൃതം ഈടാക്കേണ്ട നികുതികൾ മേൽ സ്ഥാപനങ്ങളിൽനിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ അടവാക്കാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/16.10.23) സാമ്പത്തിക വർഷം കഴിയാറായതിനാൽ വാഹന വിലയിൽ വർദ്ധനവ് വരാനുള്ള സാഹചര്യം കണക്കിലെടുത്ത് അടിയന്തിരമായി തുക നൽകിയപ്പോൾ സംഭവിച്ചതാണെന്നും, ഭാവിയിൽ ഉള്ള എല്ലാ വാങ്ങലുകൾക്കും നികുതി ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

* ബിൽ നൽകുന്നതിനുമുൻപ് നിയമാനുസൃതമായ എല്ലാ നികുതികളും ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**1-25 ആദായ നികുതി ഈടാക്കിയിട്ടില്ല**

ആദായ നികുതി നിയമം സെക്ഷൻ 194 ജെ, 194 സി എന്നിവ പ്രകാരം സാങ്കേതിക സഹായം നൽകിയവരിൽനിന്നും, സേവന ദാതാക്കളിൽനിന്നും, കരാറുകാരിൽനിന്നും ആദായ നികുതി ഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളിൽ ആദായ നികുതി ഈടാക്കാതെയാണ് സ്ഥാപനങ്ങൾക്ക് തുക നൽകിയിരിക്കുന്നത്. വിശദവിവരം ചുവടെചേർക്കുന്നു.

| | | | | |
|---|---|---|---|---|
| പ്രോജക്ട് | 110/23 ഹരിത സഹായ സ്ഥാപനത്തിന് സേവന ഫീസ് നൽകൽ | 198/23 ഹരിത സഹായ സ്ഥാപനമായ IRTCക്ക് | 113/23 എം.സി.എഫിൽ നിന്നും മാലിന്യം നീക്കം ചെയ്യുന്നതിനുള്ള | 199/23 എം.സി.എഫിൽ നിന്നും മാലിന്യം നീക്കം ചെയ്യുന്നതിനുള്ള |

| | | | | |
|---|---|---|---|---|
| | (സ്പിൽ ഓവർ) | സേവന ഫീസ് നൽകൽ | തുക നൽകൽ (സ്പിൽ ഓവർ) | തുക നൽകൽ |
| അടങ്കൽ | 198534രൂപ CFC Grant | 150000രൂപ CFC Grant | 100000 രൂപ CFC Grant | 400000 രൂപ CFC Grant |
| ചെലവ് | 178367 രൂപ | 101924രൂപ | 100000 രൂപ | 179635 രൂപ |
| കരാറുകാരൻ | IRTC മുണ്ടൂർ | IRTC മുണ്ടൂർ | Thrashgold ECO Solution, Pallathery | ThrashgoldECO Solution, Pallathery |
| ബാധകമായ സെക്ഷൻ | 194 ജെ | 194 ജെ | 194 സി | 194 സി |
| ബിൽ നം.തീയതി | 52/30.08.22-127405<br>11/28.03.23- 50962 | 04/04.02.23-76443<br>12/28.03.23-25481 | 08/02.06.22-40296<br>32/12.07.22-59704 | 02/29.11.22-123162<br>03/04.02.23-22273<br>07/06.03.23-34200 |

നിയമാനുസൃതം ഈടാക്കേണ്ട നികുതികൾ മേൽ സ്ഥാപനങ്ങളിൽനിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ അടവാക്കാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.09/13.10.23) തുക അടവാക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

* ബിൽ നൽകുന്നതിനുമുൻപ് നിയമാനുസൃതമായ എല്ലാ നികുതികളും ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**1-26 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് - സപ്ലെയറിൽനിന്നും ജി.എസ്.ടി കുറവ് ചെയ്തിട്ടില്ല.**

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. എന്നാൽ നിയമാനുസൃത നികുതികൾ കുറവു ചെയ്യാതെയാണ് താഴെ പറയുന്ന പ്രൊജക്ടിൽ തുക നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 109/23 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് |
| അടങ്കൽ | 614000 രൂപ വികസനഫണ്ട്-എസ്.സി.പി |
| ചെലവ് | 550715 രൂപ |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| സപ്ലെയർ | LEGENDARY Distributers, Ernakulam |
| ബിൽ നം.തീയതി | 01/23-13.10.22- 550715 രൂപ |
| ഇൻവോയ്സ് നം. | എൽ.ഡി/2233/22-23/29.9.22- 550715 (466708 + 84007 GST@ 18% ) |
| ഈടാക്കേണ്ടിയിരുന്ന GST @ 2% | 9334 രൂപ |

നിയമാനുസൃതം ഈടാക്കേണ്ട നികുതികൾ മേൽ സ്ഥാപനങ്ങളിൽനിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ അടവാക്കാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/13.10.23) തുക അടവാക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

*ബിൽ നൽകുന്നതിനുമുൻപ് നിയമാനുസൃതമായ എല്ലാ നികുതികളും ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**1-27 ഭിന്നശേഷിക്കാർക്ക് ബങ്ക് നിർമ്മിച്ച് നൽകൽ - പ്രൊക്യൂർമെന്റ് നടപടികൾ പാലിച്ചിട്ടില്ല**

1)

| | |
|---|---|
| പ്രൊജക്ട് | 51/23, ഭിന്നശേഷിക്കാർക്ക് ബങ്ക് നിർമ്മിച്ച് നൽകൽ (എസ് സി) |
| അടങ്കൽ | 200000 (വികസനഫണ്ട് - എസ് സി പി) |
| ചെലവ് | 188962 |
| ബിൽനം./തീയതി | 12/22-23/31.12.22 – 141762<br>30/22-23/29.03.23 - 47200 |

2)

| | |
|---|---|
| പ്രൊജക്ട് | 50/23, ഭിന്നശേഷി ഭിന്നലിംഗക്കാർക്ക് ബങ്ക് നിർമ്മിച്ച് നൽകൽ |
| അടങ്കൽ | 475990 (വികസനഫണ്ട് - പൊതുവിഭാഗം) |
| ചെലവ് | 472540 |
| ബിൽനം./തീയതി | 13/22-23/31.12.22 |

ഐ സി ഡി എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽപ്പറഞ്ഞ പ്രൊജക്ട് 50/23 പ്രകാരം പൊതുവിഭാഗത്തിലെ 10പേർക്കും 51/23 പ്രകാരം എസ് സി വിഭാഗത്തിലെ 4പേർക്കും ബങ്ക് നൽകിയിട്ടുണ്ട്. ചെലവുരേഖകൾ പരിശോധിച്ചതിലെ വിവരം താഴെ ചേർക്കുന്നു.

1) ജി.ഒ(ആർടി)നം. 33/2021/SPD തിയതി 22.11.21 പ്രകാരം SIDCO-യുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ട മര, സ്റ്റീൽ ഫർണിച്ചറുകൾ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാവുന്നതാണ്. ജി.ഒ(ആർടി)നം. 33/2017/SPD തിയതി 17.06.2017 പ്രകാരമുള്ള സ്റ്റോർ പർച്ചേയ്സ് ഡിപ്പാർട്ടുമെന്റിന്റെ റേറ്റ് കോൺട്രാക്റ്റ് ഉത്തരവിൽ SIDCO നിർമ്മിച്ച് വിതരണം ചെയ്യുന്ന ഫർണിച്ചറുകളുടെ വിശദാംശം നൽകിയിട്ടുണ്ട്. എന്നാൽ പ്രൊജക്ടിനായി ഇതിലുൾപ്പെടാത്ത ഇനമായ ബങ്ക് സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങിയിരിക്കുന്നു. ഇപ്രകാരം പട്ടികയിൽ ഉൾപ്പെടാത്തവ സ്റ്റോർ പർച്ചേയ്സ് റൂൾസ് പാലിച്ച് ടെണ്ടർ നടപടികളിലൂടെ വാങ്ങലുകൾ നടത്തേണ്ടതും ആയതിൽ SIDCO-വിനും പങ്കെടുക്കാവുന്നതുമാണ്.

2) സ ഉ (പി) നം. 7/2019 എസ് പി ഡി തീയതി 26.04.2019 പ്രകാരം 25000രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾ ജെം മുഖേന നടത്തേണ്ടതാണ്. ഏതെങ്കിലും ഇനം Gem- ൽ ലഭ്യമല്ലാത്തതിനാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ പ്രത്യേകത ഉള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർ പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് മാർഗ്ഗങ്ങളിലൂടെ ആയത് വാങ്ങാവുന്നതാണ്. ജെം മുഖേനയുള്ള വാങ്ങലിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല.

3) സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022/തസ്വഭവ/തീയതി 28.05.22 ഖണ്ഡിക 6.5.2പ്രകാരം കച്ചവടത്തിന് അനുയോജ്യമായ സ്ഥലത്തായിരിക്കണം പെട്ടിക്കട തുടങ്ങേണ്ടതും പുറമ്പോക്കിൽ അനധികൃതമായി സ്ഥാപിക്കാൻ പാടില്ലാത്തതുമാണ്.
വാങ്ങലിൽ സർക്കാർ ഉത്തരവുകൾ പാലിക്കാത്തത്, പ്രൊജക്ട് പ്രകാരം നൽകിയ ബങ്കുകളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുതിന്റെ വിശദാംശം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം (27/18.10.23) നൽകിയതിന് മരത്തിന്റെയും സ്റ്റീലിന്റെയും സാധനങ്ങൾ സിഡ്കോയിൽ ഉള്ളതിനാലാണ് വാങ്ങൽ നടത്തിയതെന്നും പ്രൊജക്ടിൽ അക്രഡിറ്റഡ് ഏജൻസി എന്ന് തീരുമാനിച്ചതിനാൽ ജെം വഴിയുള്ള വാങ്ങൽ നടപടികൾ തിരഞ്ഞെടുത്തില്ല എന്നും അറിയിച്ചു. സ്വയം തൊഴിലിനായി ഗുണഭോക്താക്കൾ ഇവ ഉപയോഗിക്കുന്നുണ്ടെന്നും മറുപടി ലഭ്യമാക്കി.
പ്രൊജക്ട് വെറ്റിംഗ്, അംഗീകാരം എന്നീ സന്ദർഭങ്ങളിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥർ പദ്ധതി മാർഗ്ഗരേഖ, സർക്കാർ ഉത്തരവുകൾ എന്നിവ പാലിച്ചാണ് പ്രൊജക്ട് സമർപ്പിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്. വാങ്ങൽ നടപടികളിൽ സർക്കാർ ഉത്തരവുകൾ പാലിക്കേണ്ടതും നടപ്പിലാക്കുന്ന പദ്ധതികൾ പ്രൊജക്ട് ഉദ്ദേശലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്ന് മോണിറ്ററിംഗ് കമ്മിറ്റി, ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, നിർവഹണ ഉദ്യോഗസ്ഥൻ എന്നിവർ ഉറപ്പുവരുത്തേണ്ടതുമാണ്.

**1-28 വൃദ്ധർക്ക് കട്ടിൽ – നടപടികളിലെ അപാകങ്ങൾ**

1)

| | |
|---|---|
| പ്രൊജക്ട് | 135/23(SO), വൃദ്ധർക്ക് കട്ടിൽ (ജനറൽ) |
| അടങ്കൽ | 93706 (വികസനഫണ്ട് - പൊതുവിഭാഗം) |
| ചെലവ് | 90298 |

| | |
|---|---|
| ബിൽ നം./തീയതി | 32/22-23/29.03.23 |

2)

| | |
|---|---|
| പ്രൊജക്ട് | 136/23(SO), വൃദ്ധർക്ക് കട്ടിൽ (എസ്സ് സി) |
| അടങ്കൽ | 167804 (വികസനഫണ്ട് - എസ് സി പി) |
| ചെലവ് | 150497 |
| ബിൽ നം./തീയതി | 29/22-23/29.03.23 |

പ്രൊജക്ടുകളുടെ വിതരണ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെചേർക്കുന്നു.

1) ജി.ഒ(ആർടി)നം. 33/2021/SPD തിയതി 22.11.21 പ്രകാരം SIDCO-യുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ട മര, സ്റ്റീൽ ഫർണിച്ചറുകൾ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാവുന്നതാണ്. ജി.ഒ(ആർടി)നം. 33/2017/SPD തിയതി 17.06.2017 പ്രകാരമുള്ള സ്റ്റോർ പർച്ചേയ്സ് ഡിപ്പാർട്ടുമെന്റിന്റെ റേറ്റ് കോൺട്രാക്ട് ഉത്തരവിൽ SIDCO നിർമ്മിച്ച് വിതരണം ചെയ്യുന്ന ഫർണിച്ചറുകളുടെ വിശദാംശം നൽകിയിട്ടുണ്ട്. എന്നാൽ പ്രൊജക്ടിനായി ഇതിലുൾപ്പെടാത്ത ഫർണിച്ചർ സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങിയിരിക്കുന്നു. ഇപ്രകാരം പട്ടികയിൽ ഉൾപ്പെടാത്ത ഫർണിച്ചറുകൾ സ്റ്റോർ പർച്ചേയ്സ് റൂൾസ് പാലിച്ച് ടെണ്ടർ നടപടികളിലൂടെ വാങ്ങലുകൾ നടത്തേണ്ടതും ആയതിൽ SIDCO- വിനും പങ്കെടുക്കാവുന്നതുമാണ്.

2) സ ഉ (പി) നം. 7/2019 എസ് പി ഡി തീയതി 26.04.2019 പ്രകാരം 25000രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾ ജെം മുഖേന നടത്തേണ്ടതാണ്. ഏതെങ്കിലും ഇനം Gem- ൽ ലഭ്യമല്ലാത്തതിനാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ പ്രത്യേകത ഉള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർ പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് മാർഗ്ഗങ്ങളിലൂടെ ആയത് വാങ്ങാവുന്നതാണ്. ജെം മുഖേനയുള്ള വാങ്ങലിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല.

3) ഭരണസമിതിയുടെ 29.12.22-ലെ 1(14)-ാം നമ്പർ തീരുമാന പ്രകാരം (General-53, Sc-39) ഗുണഭോക്തൃ പട്ടിക അംഗീകരിക്കുകയും പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 19.11.19-ലെ 1, 2 തീരുമാനങ്ങൾ പ്രകാരം സിഡ്കോയിൽ നിന്നുമുള്ള വാങ്ങൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 14.09.22-തീയതി നിർവഹണ ഉദ്യോഗസ്ഥ സിഡ്കോയുമായി കരാറിലേർപ്പെടുകയും 4299.90രൂ നിരക്കിൽ ഇൻവോയ്സ് നം. PKD/22-23/188/29.01.22 പ്രകാരം പ്രൊജക്ട് 135/23-നായി (ആകെ 90298രൂ) 21 കട്ടിലും PKD/22-23/189/29.01.22 പ്രകാരം (ആകെ 150497രൂ) 35 കട്ടിലും വാങ്ങിയിട്ടുണ്ട്. 35 എണ്ണം വാങ്ങിയതിൽ 34 എണ്ണമാണ് വിതരണം ചെയ്തിരിക്കുന്നത്.

4) ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ മുൻഗണനാ മാനദണ്ഡങ്ങൾ രേഖപ്പെടുത്തുകയോ ആയതിന് അനുസൃതമായി മാർക്കു നൽകുകയോ ചെയ്തിട്ടില്ല.

വിഷയത്തിൽ ഓഡിറ്റ് അന്വേഷണം (20/17.10.23) നൽകിയതിന് താഴെചേർക്കും പ്രകാരം മറുപടി ലഭ്യമാക്കി.

സ്പിൽ ഓവർ പ്രൊജക്ട് ആയിരുന്നതിനാൽ മുൻവർഷത്തെ വാങ്ങൽ നടപടി തുടർന്നു വരുകയാണ് ചെയ്തത്. 39 പേരുടെ ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചിരുന്നുവെങ്കിലും മുഴുവൻ പേരും അർഹരായിരുന്നില്ല, കൂടാതെ വാങ്ങിയ 35കട്ടിലുകളിൽ 34എണ്ണമാണ് വിതരണം ചെയ്തത്. ബാക്കിയുള്ള ഒരു കട്ടിൽ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ഈ വർഷത്തെ പ്രൊജക്ടിലെ അംഗീകരിച്ച ഗുണഭോക്താവിന് വിതരണം ചെയ്യുന്നതുമാണ്.

അംഗീകൃത ഗുണഭോക്താക്കളുടെ എണ്ണത്തിന് അനുസൃതമായി വാങ്ങൽ നടത്തേണ്ടതും അർഹരായവർക്കായി ഇവ ഉപയോഗിക്കേണ്ടതുമാണ്. അതുവഴി പദ്ധതി തുകയുടെ ശരിയായ രീതിയിലുള്ള വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്. അപേക്ഷകളിൽ കൃത്യമായ രീതിയിൽ മുൻഗണന മാനദണ്ഡങ്ങൾക്ക് അനുസരിച്ച് മാർക്ക് നൽകി ഗുണഭോക്തൃ തിരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. തുടർനടപടിയുടെ വിവരം അറിയിക്കേണ്ടതാണ്.

**1-29 ശൗചാലയ നിർമ്മാണം - പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല**

| | |
|---|---|
| പ്രൊജക്ട് നം. | 245/23(SO), വീട് വാസയോഗ്യമാക്കൽ |
| അടങ്കൽ | ₹400000 (വികസനഫണ്ട് പൊതുവിഭാഗം) |
| ചെലവ് | ₹200000 (വികസനഫണ്ട് പൊതുവിഭാഗം) |
| ബിൽ നം./തീയതി | 41/13.03.23 – 100000<br>47/28.03.23 – 100000 |

പ്രൊജക്ട് പ്രകാരം ശൗചാലയ നിർമ്മാണത്തിനായി 15400രൂപയാണ് ധനസഹായമായി നൽകുന്നത്. വിതരണ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധിച്ചതിൽ 22-23-ൽ സ്പിൽ ഓവറായ മേൽപ്രൊജക്ടിന്റെ 21-22-ലെ

താഴെചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ ധനസഹായതുക മുഴുവനായും കൈപ്പറ്റിയിട്ടില്ല. ഇവർ പ്രവൃത്തി പൂർത്തിയാക്കി മുഴുവൻ ധനസഹായവും കൈപ്പറ്റിയിട്ടുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ് ഓഡിറ്റ് അന്വേഷണം 26/18.10.23-ന് മറുപടി ലഭ്യമാക്കിയില്ല.

| പേര്, മേൽവിലാസം | കൈപ്പറ്റിയ തുക | തുക കൈപ്പറ്റിയ തീയതി |
|---|---|---|
| സെൽവകുമാരി, ഈശൻകോട്, തേനാരി | 12000 | 17.03.22 |
| മകേഷ് കുമാർ, S/oചന്ദ്രൻ, തേനാരി | 12000 | 17.03.22 |
| സെൽവകുമാരൻ, നോമ്പക്കോട്, എലപ്പുള്ളി | 12000 | 17.03.22 |
| സരസ്വതി, W/o W/oവേലായുധൻ, തേനാരി | 12000 | 30.03.22 |

ഗുണഭോക്താക്കൾ ശൗചാലയ നിർമ്മാണം പൂർത്തിയാക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. പ്രൊജക്റ്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

**1-30 മരുന്നു വാങ്ങൽ- കൈമാറിയ മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമായിട്ടില്ല**

1)

| | |
|---|---|
| പ്രൊജക്റ്റ് | 29/23, ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| അടങ്കൽ | 200000 (മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം) |
| ചെലവ് | 200000 (മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം) |
| ബിൽ നം./തീയതി | 1/22-23/09.11.22 |

2)

| | |
|---|---|
| പ്രൊജക്റ്റ് | 233/23, തേനാരി ഹോമിയോ സബ്സെന്ററിന് മരുന്ന് വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| അടങ്കൽ | 200000 (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം) |
| ചെലവ് | 200000 (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം) |
| ബിൽ നം./തീയതി | 2/22-23/17.12.22 – 200000 |

മേൽ പരാമർശിച്ച പ്രൊജക്റ്റുകളിൽ മരുന്ന് വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് (HOMCO) കൈമാറിയ മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമായിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് | കൈമാറിയ തുക, പ്രോഫോമ ഇൻവോയ്സ് നം | മരുന്ന് ലഭിച്ചത് | | ശേഷിക്കുന്ന തുക |
|---|---|---|---|---|---|
| | | | ഇൻവോയ്സ് നം | തുക | |
| 1 | 29/23 | 200000, PF-503/ 07.10.22 | LF-459/ 05.07.23 | 103817 | 96183 |
| 2 | 233/23 | 200000, PF-941/ 02.12.22 | LF-1072/ 21.08.23 | 115550 | 84450 |

ചെലവുരേഖകൾ പരിശോധിച്ചതിൽ HOMCO-ലിമിറ്റഡുമായി 23.12.22-തീയതിയിൽ ഏർപ്പെട്ട കരാറിന്റെ കാലാവധി (9 മാസം) നിലവിൽ അവസാനിച്ചു. വിഷയത്തിൽ ഓഡിറ്റ് അന്വേഷണം 5/13.10.23 നൽകിയതിന് എഗ്രിമെന്റ് കാലാവധി കഴിഞ്ഞും മരുന്നു ലഭ്യമാകാത്തതിൽ ഹോംകോ-വിന് കത്ത് നൽകുന്നതാണെന്ന്

അറിയിച്ചു. അടിയന്തിര നടപടി സ്വീകരിച്ച് മരുന്ന ലഭ്യമാക്കേണ്ടതാണ്. തുടർനടപടിയുടെ വിവരം അറിയിക്കേണ്ടതാണ്.

**1-31 സാമൂഹ്യസുരക്ഷാ മിഷനിലേക്ക് തുക നൽകൽ – വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല**

| | |
|---|---|
| പ്രൊജക്ട് | 232/23, സാമൂഹ്യസുരക്ഷാ മിഷനിലേക്ക് തുക നൽകൽ |
| അടങ്കൽ | ₹ 50000 (വികസന ഫണ്ട് -പൊതുവിഭാഗം) |
| ചെലവ് | ₹50000 (വികസന ഫണ്ട് -പൊതുവിഭാഗം) |
| ബിൽനം./തീയതി | 15/28.01.23 |

സ.ഉ സാധാ നം. 426/2019/തസ്വഭവ, തീയതി 26.02.2019 പ്രകാരം കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിനായി ഒരു കുട്ടിക്ക് 50000രൂപ നിരക്കിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിലേക്ക് നൽകാവുന്നതാണ്. ദിജിത്ത് പി പി, S/oപ്രദീപ്കുമാർ പി ബി, കുപ്പിയോട്, എലപ്പുള്ളി എന്ന ഗുണഭോക്താവിന് കോക്ളിയർ ഇംപ്ളാന്റ് മെയിന്റനൻസിനായി 50000 രൂ സാമൂഹ്യസുരക്ഷാ മിഷനിലേക്ക് കൈമാറിയിട്ടുണ്ട്. കൈമാറിയ തുകയുടെ വിനിയോഗ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/16.10.23) ഉപകരണത്തിന്റെ മെയിന്റനൻസ് നാളിതുവരെ പൂർത്തിയായിട്ടില്ലെന്നും പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗവിവരം ലഭ്യമാക്കി ഹാജരാക്കുന്നതാണെന്നും അറിയിച്ചു.

**1-32 നെൽകൃഷിക്ക് കൂലിചെലവ് – പരമാവധി ധനസഹായം ഉറപ്പുവരുത്തേണ്ടതാണ്**

| | |
|---|---|
| പ്രൊജക്ട് നം. | 134/23(SO), ഒരു പൂ നെൽകൃഷിക്ക് സബ്സിഡി |
| അടങ്കൽ | ₹4725000 (വികസനഫണ്ട് ജനറൽ) |
| ചെലവ് | ₹4725000 |

നെൽകർഷകർക്ക് കൂലിചെലവിനത്തിൽ ധനസഹായം നൽകി കൃഷിചെലവ് കുറക്കുന്നതിനും നെൽകൃഷിയുടെ വിസ്തൃതി വ്യാപിപ്പിച്ച് ഉത്പാദനം വർധിപ്പിക്കുന്നതിനും അതിലൂടെ കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും പ്രോത്സാഹനവും ധനസഹായം നൽകുന്നതിനാണ് പ്രൊജക്ട് ലക്ഷ്യമിട്ടിരിക്കുന്നത്. 17 പാടശേഖരസമിതികളുടെ കീഴിലായി രജിസ്റ്റർ ചെയ്ത കർഷകരുടെ 1350 ഹെക്ടറിലെ നെൽകൃഷിക്ക് ഹെക്ടറിന് 3500 രൂപ ഗ്രാമപഞ്ചായത്ത് വിഹിതം, 1750 രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 1750 രൂപ ജില്ലാപഞ്ചായത്ത് വിഹിതം എന്നിങ്ങനെ ആകെ 7000 രൂപയാണ് പ്രൊജക്ടിൽ വകയിരുത്തിയിരിക്കുന്നത്. എന്നാൽ പ്രൊജക്ട്, ചെലവ് രേഖകൾ എന്നിവ പരിശോധിച്ചതിൽ 17 പാടശേഖരസമിതികളുടെ കീഴിലായി രജിസ്റ്റർ ചെയ്ത കർഷകരുടെ 1350 ഹെക്ടറിലെ നെൽകൃഷിക്ക് ഹെക്ടറിന് 3500 രൂപ ഗ്രാമപഞ്ചായത്ത് വിഹിതം, 1390 രൂ ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 1750 രൂ ജില്ലാപഞ്ചായത്ത് വിഹിതം എന്നിങ്ങനെ ആകെ ഹെക്ടറിന് 6640 രൂപ പ്രകാരം ഉഴവുകൂലി നൽകുന്നതിനു മാത്രമാണ് കഴിഞ്ഞിട്ടുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 115/2022/ത സ്വ ഭ വ തീയതി 28.05.22 പ്രകാരം നെൽകൃഷിക്ക് ഒരോ പൂ കൃഷിക്കും ഹെക്ടറിന് പരമാവധി 25000 രൂപ നൽകാവുന്നതാണ്. വിഷയത്തിൽ ഓഡിറ്റ് അന്വേഷണം 35/20.10.23 നൽകിയതിന് സംയുക്ത പ്രൊജക്ടിൽ ഗ്രാമപഞ്ചായത്തിൽ നിന്നും കുറവ് തുകയാണ് അടങ്കലായി അംഗീകരിച്ചതെന്നും അതിന് ആനുപാതികമായി മറ്റു പഞ്ചായത്ത് വിഹിതങ്ങൾ തീരുമാനിച്ചതിനാലും നിശ്ചയിച്ചതിലും കുറവ് തുക ബ്ലോക്ക് വിഹിതമായി ലഭ്യമായതിനാലും അർഹതപ്പെട്ട തുക നൽകുവാൻ കഴിഞ്ഞില്ലെന്നും മറുപടി ലഭ്യമാക്കി. സംയുക്ത പ്രൊജക്ടായി നടപ്പിലാക്കുന്ന മേൽപ്രൊജക്ടിന് ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതം പൂർണ്ണമായും ഉറപ്പുവരുത്തി, ആവശ്യമായ തുക ഗ്രാമപഞ്ചായത്ത് തലത്തിൽ അടങ്കൽ നിശ്ചയിച്ച് അർഹമായ പരമാവധി തുക കർഷകർക്ക് ലഭ്യമാക്കുന്ന വിധത്തിൽ പ്രൊജക്ട് നടപ്പിലാക്കേണ്ടതാണ്.

**1-33 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-വിവിധ ഫണ്ടുകളുടെ വകയിരുത്തൽ, ചെലവ്**

സാമ്പത്തിക വർഷം താഴെപ്പറയുന്ന ഫണ്ടുകളുടെ വകയിരുത്തൽ പരിശോധിച്ചതിൽ നിർവ്വഹണച്ചെലവിന്റെ ശതമാനത്തിൽ ഗണ്യമായ കുറവ് കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | അടങ്കൽ | ചെലവ് | ശതമാനം | തൻവർഷം ലാപ്സായ തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 2157260 | 505426 | 23 | 1916252 |
| വികസന ഫണ്ട്-എസ്.സി.പി | 973635 | 298046 | 31 | 1129768 |
| സി.എഫ്.സി | 13386742 | 7646748 | 57 | 4427054<br>10549694 (ബാങ്കിലെ നീക്കിയിരുപ്പ്) |
| മെയിന്റനൻസ് ഫണ്ട്-റോഡ് | 16738000 | 8165304 | 49 | 8029396 |

റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ നടക്കുന്നതിനാലും, പ്രവൃത്തി നിർവ്വഹണങ്ങൾക്ക് സ്ഥലം ലഭ്യമല്ലാത്തതിനാലും, വിവിധ വകുപ്പുകളിൽ നിന്ന് NOC ലഭിക്കാത്തതിനാലും മിക്ക പ്രവൃത്തികളും നിർവ്വഹിക്കുവാൻ കഴിഞ്ഞില്ല എന്ന് നിർവ്വഹണോദ്യോഗസ്ഥ ഓഡിറ്റ് അന്വേഷണത്തിന് (നം-24/18.10.23) മറുപടി സമർപ്പിച്ചിട്ടുണ്ട്. മാർച്ച് മാസത്തി ലാണ് മിക്ക പദ്ധതികൾക്കും DPC അംഗീകാരം ലഭ്യമാക്കുന്നത് മാർച്ച് മാസത്തിലാണ്എന്നതിനാലും പല പ്രവൃത്തികളും നിർവ്വഹിക്കുവാൻ കഴിഞ്ഞിട്ടില്ല. അവ അടുത്ത വർഷത്തേക്ക് സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.

മതിയായ സ്ഥല പരിശോധനയോ പഠനങ്ങളോ ഇല്ലാതെ പദ്ധതികൾ ആസൂത്രണം ചെയ്യുകയും എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്യുന്നത് മൂലം എസ്റ്റിമേറ്റ് ഭേദഗതി വരുത്തുന്നതിനും പ്രവൃത്തി നീണ്ടു പോകുന്നതിനും ഇടയാക്കുന്നു. മറ്റു പദ്ധതികൾക്കായി ഉപയോഗപ്പെടുത്താമായിരുന്ന ഫണ്ട് മുടങ്ങുന്നതിനിടയാക്കുന്ന ഇത്തരം സാഹചര്യം ഒഴിവാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കുന്നതിനോടൊപ്പം തന്നെ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള അനുമതിപത്രവും ലഭ്യമാക്കേണ്ടതാണ്.

പദ്ധതി രൂപീകരണ, നിർവ്വഹണ ഘട്ടങ്ങളിൽ 1997 ലെ കേ.പ.ര (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, 2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ -ജി.ഒ(പി)13/2012/PWD/01.02.2012 എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## 1-34 റോഡ്, റോഡിതര മെയ്ന്റനൻസ് ഫണ്ട് വകയിരുത്തൽ, ചെലവ് -ആസ്തി സംരക്ഷണ പദ്ധതിയുടെ അടിസ്ഥാനത്തിലല്ല

റോഡ് മെയിന്റനൻസ് ഫണ്ടിനത്തിൽ ₹16738000 വകയിരുത്തി 26 പ്രൊജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 18 പ്രൊജക്ടുകൾക്കായി ₹8165304 രൂപയാണ് (വകയിരുത്തിയ തുകയുടെ 49%) തൻവർഷം ചെലവഴിച്ചിട്ടുള്ളത്. ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികൾ നടന്നു കൊണ്ടിരിക്കുന്നതിനാൽ റോഡ് സംരക്ഷണ പ്രവൃത്തികൾക്കുള്ള ഫണ്ട് കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

റോഡിതര മെയിന്റനൻസ് ഫണ്ടിനത്തിൽ ₹7853950 വകയിരുത്തി 10പ്രൊജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 10പ്രൊജക്ടുകൾക്കായി ₹5824671 രൂപയാണ് (വകയിരുത്തിയ തുകയുടെ 74%) തൻവർഷം ചെലവഴിച്ചിട്ടുള്ളത്. നടപ്പിലാക്കിയ പ്രൊജക്ടുകളിൽ അങ്കണവാടി, സ്കൂളുകൾ, ഹെൽത്ത് സെന്റർ, കൃഷി ഭവൻ എന്നിവയുടെ നവീകരണം ഉൾപ്പെടുന്നു.

സ.ഉ(കൈ)നം.84/2022/തസ്വഭവ തിയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.8 ൽ നിർദ്ദേശിച്ച പ്രകാരം മെയിന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രൊജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. നിലവിൽ പദ്ധതികൾക്ക് റോഡ്, റോഡിതര മെയ്ന്റനൻസ് ഫണ്ട് വകയിരുത്തുന്നതും, ചെലവഴിക്കുന്നതും ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാതെയാണ്. കൈമാറിക്കിട്ടിയിട്ടുള്ള സ്ഥാപനങ്ങളുടെ ആവശ്യകത അനുസരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിനുശേഷം മുൻഗണനാക്രമത്തിൽ ആസ്തി സംരക്ഷണ പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.

**ആസ്തി വിവരം കാലികമാക്കൽ - തൽസ്ഥിതി**

തൻവർഷം ആസ്തികളുടെ ഡിജിറ്റലൈസേഷൻ - റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കൽ എന്ന പ്രൊജക്ട്

പ്രകാരം തനത് ഫണ്ടിൽ നിന്ന് 53760/- രൂപ ചെലവഴിച്ചിട്ടുണ്ട്.

എല്ലാ വാർഡുകളിലുമുള്ള റോഡ് റോഡിതര ആസ്തികളുടെ സർവ്വെ പൂർത്തീകരിച്ചിട്ടുള്ളതും, ഡിജിറ്റലൈസേഷൻ ചെയ്യുന്നതിന്റെ ഭാഗമായുള്ള നടപടികൾ നടന്നുവരുന്ന എന്ന് നിർവ്വഹണോദ്യോഗസ്ഥ ഓഡിറ്റ് അന്വേഷണത്തിന് (നം-4/12.10.23) മറുപടി സമർപ്പിച്ചിട്ടുണ്ട്.

**അസറ്റ് മാനേജ്മെന്റ് & മോണിട്ടറിങ്ങ് കമ്മിറ്റി രൂപീകരണം.**

സ.ഉ (ആർ.ടി) നം .166/17/ത.സ്വ.ഭ.വ തീയതി 20.01.2017 പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ്മെന്റ് മാന്വലിലെ നിർദ്ദേശമനുസരിച്ച് പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് & മോണിട്ടറിങ്ങ് കമ്മിറ്റി രൂപീകരിക്കുന്നതിനായി 6.10.23ലെ 1(7)-ാം നമ്പർ പ്രകാരം പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. അസറ്റ് മാനേജ്മെന്റ് & മോണിട്ടറിങ്ങ് കമ്മിറ്റി രൂപീകരിച്ച് ആസ്തികളുടെ പരിപാലനം, കയ്യൊഴിക്കൽ എന്നിവ കമ്മിറ്റിയുടെ തീരുമാനങ്ങൾക്ക് വിധേയമായി മാത്രം നടപ്പാക്കേണ്ടതാണ്.

## 1-35 പാർട്ട് ബിൽ തുക കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിക്കാത്തത്-തുടർനടപടികൾ ആവശ്യപ്പെടുന്നു

താഴെപ്പറയുന്ന പ്രവൃത്തി പ്രകാരം കരാറുകാരൻ പാർട്ട് ബിൽ തുക കൈപ്പറ്റി പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. ടിയാൾക്ക് അസി.എഞ്ചിനീയർ 31.10.22ന് നോട്ടീസ് നൽകിയിട്ടുണ്ട്.(നം-Works/LSGD/22-23) .

പ്രൊജക്ട് - S098/23- വെളിയംപള്ളം കുടിവെള്ളപദ്ധതി -ബോർവെൽ, പമ്പ് ഹൗസ്, പൈപ്പ് ലൈൻ നീട്ടൽ

അടങ്കൽ - 400000- CFC

ചെലവ് - 89366

ബിൽ തീയതി - 5.07.22

എം-ബുക്ക് - 93/21-22

കരാർ - 40/21-22/20.12.21

കരാറുകാരൻ - രജിൽ.സി, മാണിക്കത്ത് കളം, നല്ലേപ്പിള്ളി

പൂർത്തീകരിക്കേണ്ട തീയതി-19.10.22 (സാങ്കേതികാനുമതി പ്രകാരം)

പാർട്ട് ബിൽ പ്രകാരം ചെക്ക് മെഷർ ചെയ്ത തീയതി- 22.03.22

മേൽ പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരം 120m താഴ്ചയിൽ ബോർവെൽ, 15m Casing Pipe, 7.5 HP Motor, 1.5* 1.5*2.1 അളവിൽ പമ്പ് ഹൗസ്, 204m. നീളത്തിൽ 63mm. PVC Pipe Line, 18 M 50mm GI Pipe Valve (2 Nos.), KSEB Charges എന്നിവ ഉൾപ്പെടുന്നു. പദ്ധതി പ്രദേശത്ത് നിലവിലുള്ള ഓവർ ഹെഡ് വാട്ടർ ടാങ്കിലേക്ക് കിണറിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് കുടിവെള്ളം ലഭ്യമാക്കിയിരുന്നതാണെന്ന് കാണുന്നു. കിണറിൽ വെള്ളം ഇല്ലാതായതിനെത്തുടർന്ന പമ്പിങ്ങ് പുനസ്ഥാപിക്കുന്നതിനാണ് പദ്ധതി കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

എം.ബി പരിശോധിച്ചതിൽ ബോർവെൽ നിർമ്മാണം മാത്രമാണ് പൂർത്തീകരിച്ചതായി കാണുന്നത്. മറ്റ് പ്രവൃത്തികളൊന്നും തന്നെ നിർവ്വഹിച്ചിട്ടില്ല. പദ്ധതി നാളിതുവരെ പ്രവർത്തന ക്ഷമമാക്കാത്തിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-25/18.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരൻ മുന്നോട്ട് വരാത്ത പക്ഷം കേരള പൊതുമരാമത്ത് മാന്വൽ 2116.1 (Termination – Default By Contractor), 2116.2.1 (Realisation Of Loss Of Account On Termination) പ്രകാരം ഉചിതമായ നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-36 ടേക്ക് എ ബ്രേക്ക് പദ്ധതികൾ - തുടർ മോണിട്ടറിങ്ങ് നടത്തേണ്ടതാണ്

സാമ്പത്തിക വർഷം അസി.എഞ്ചിനീയർ മുഖേന താഴെപ്പറയുന്ന ടേക്ക് എ ബ്രേക്ക് പദ്ധതികൾക്ക് സ്പിൽ ഓവറായി തുക വകയിരുത്തിയെങ്കിലും ചെലവ് നിർവ്വഹിച്ചിട്ടില്ല. പ്രസ്തുത പദ്ധതികൾ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടവയാണ്.

| ക്രമ നം. | പ്രൊജക്ട് | അടങ്കൽ |
|---|---|---|
| 1 | 104/23-ടേക്ക് എ ബ്രേക്ക്-പഞ്ചായത്ത് ചന്തപ്പുരയിലുള്ള ടോയ് ലെറ്റ് നിർമ്മാണം | 48101 – തനത് |

| | | |
|---|---|---|
| | | ഫണ്ട് |
| 2 | 102/23- ടേക്ക് എ ബ്രേക്ക്-പാറ കംഫർട്ട് സ്റ്റേഷന് ഇലക്ട്രിസിറ്റി കണക്ഷൻ, മറ്റ് ഭൗതിക സൗകര്യങ്ങൾ | 56983-തനത് ഫണ്ട് |

സ.ഉ(കൈ)നം.39/2020/LSGD തിയതി 29-02-2020 പ്രകാരം ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ 12000 ശുചിമുറികൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പ്രകാരം ദേശീയപാത, സംസ്ഥാനപാത എന്നിവയ്ക്കരികിൽ മൂന്ന് സെന്റ് സർക്കാർ ഭൂമി ഇതിനായി അതത് തദ്ദേശ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ.ഉ(സാധാ)നം.1401/2020/LSGD തിയതി 27-7-2020 പ്രകാരം ടേക് എ ബ്രേക് പൊതു ശുചിമുറികളുടെ നിർമ്മാണത്തിനായി തദ്ദേശ സ്ഥാപനങ്ങൾക്കായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ടേക് എ ബ്രേക് പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/18.10.23) പ്രവൃത്തികൾ ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ടെന്നും ബാക്കി തുകക്ക് ഇലക്ട്രിഫിക്കേഷന്റെ സാങ്കേതികാനുമതിക്കായി ജില്ലാ പഞ്ചായത്തിലേക്ക് സമർപ്പിച്ചിരിക്കുകയാണെന്നും നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്.

സർക്കാർ നിർദ്ദേശ പ്രകാരം പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതും മോണിട്ടർ ചെയ്യേണ്ടതുമാണ്.

## 1-37 കുടിവെള്ളപദ്ധതി ഗുണഭോക്തൃസമിതിക്ക് കൈമാറേണ്ടതാണ്

സാമ്പത്തിക വർഷം അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 7 കുടിവെള്ളപദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 14-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്)84/2022 ത.സ്വ.ഭ.വ തീയതി 19.04.2022- 8.1.25 ലെ കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് നിർദ്ദേശങ്ങളനുസരിച്ച് അവ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയതിന്റെ വിവരങ്ങൾ/ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-31/19.10.23) താഴെപ്പറയുന്ന പദ്ധതി ഒഴികെ ബാക്കി 6 എണ്ണവും ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചിട്ടുണ്ട്.

| പ്രൊജക്റ്റ് | അടങ്കൽ | ചെലവ് |
|---|---|---|
| S094/23-മേലേ വടകോട് | 290647-CFC | 287154 |

മേൽ പദ്ധതി കൂടെ ഗുണഭോക്തൃസമിതിക്ക് കൈമാറുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

14-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്)84/2022 ത.സ്വ.ഭ.വ തീയതി 19.04.2022 ലെ കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് നിർദ്ദേശങ്ങളനുസരിച്ച് കുടിവെള്ള പ്രൊജക്റ്റുകൾ മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തിയായ പദ്ധതികളുടെ (പൊതു വിഭാഗം) തുടർ നടത്തിപ്പ് ഗുണഭോക്തൃ ഗ്രൂപ്പ് തന്നെ ഏറ്റെടുക്കേണ്ടതാണ്. അങ്ങനെ ഏറ്റെടുക്കാമെന്ന കരാറിൽ ഏർപ്പെട്ട ശേഷം മാത്രമാണ് പ്രവൃത്തിയുടെ നിർവ്വഹണം ആരംഭിക്കാവുന്നത്.

. അതാത് വർഷം പൂർത്തീകരിക്കുന്ന കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ ഗ്രൂപ്പുകളെ ഏൽപ്പിക്കേണ്ടതാണ്.

## 1-38 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലതാമസം - പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല

സാമ്പത്തിക വർഷം പൂർത്തീകരിച്ച താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണം പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012- ജി.ഒ(പി) 13/2012 PWD/1.02.12 വ്യവസ്ഥകൾ അനുസരിച്ചല്ല. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരുകയാണെങ്കിൽ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ അസി. എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുൻപായി നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുമ്പോൾ പ്രവൃത്തിയുടെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതാണ്.

കരാറുകാരന്റെ പിഴവു മൂലം കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ , കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിന്മേൽ ഭരണസമിതിയുടെ

അനുമതി വാങ്ങി PACയുടെ 1% വരെ ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറ് മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കേണ്ടതാണ്. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാവുന്നതല്ല. ഈ കാലാവധിക്കു ശേഷവും പൂർത്തീകരിക്കാത്ത പ്രവൃത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ചതിനു ശേഷമാണ് കരാറുകാരന് തുക നൽകാവുന്നത്.

നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതിരുന്ന താഴെപ്പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരന്റെ അപേക്ഷ, ദീർഘീകരണത്തിന്നാധാരമായ പഞ്ചായത്ത് ഭരണസമിതി തീരുമാനം തുടങ്ങിയ രേഖകൾ ഫയലിൽ ലഭ്യമല്ല. കോവിഡ്, മഴ എന്നിവ കാരണം പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയാത്തതിനാൽ 1.12.21 മുതൽ 31.05.22 വരെ നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കിയിട്ടുള്ളതിൽ പൂർത്തീകരണ സമയം ചേർത്തിട്ടുമില്ല.

സ.ഉ(സാധാ) നം.1444/2021/ത.സ്വ.ഭ.വ തീയതി 31.07.21 പ്രകാരം സംസ്ഥാനത്ത് നിലനിന്നിരുന്ന ലോക് ഡൗൺ സാഹചര്യം കണക്കിലെടുത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി പിഴ കൂടാതെ പരമാവധി 6 മാസത്തേക്കാണ് നീട്ടി നൽകാവുന്നത്(31.01.22 വരെ). പ്രസ്തുത കാലയളവിനു ശേഷം നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ കാലാവധി നീട്ടി നൽകിയ സമയപരിധിയായ 31.05.22 നകം പ്രവൃത്തി പൂർത്തീകരിച്ചില്ല. തുടർന്ന് 30.09.22 നാണ് പൂർത്തീകരിച്ചിട്ടുള്ളത്.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പ്രവൃത്തി ആരംഭിച്ച തീയതി | പ്രവൃത്തി പൂർത്തീകരി ക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കേണ്ടിയിരുന്ന പിഴ(3%) |
|---|---|---|---|---|---|
| 1 | S075/23 – പാറ കുടിവെള്ളപദ്ധതിക്ക് ടാങ്ക് നിർമ്മാണം<br>അടങ്കൽ 2000000-CFC-<br>ആകെ ചെലവ്-1557850<br>ഫൈനൽ ബിൽ -155/16.12.22-1057504/-<br>PAC- 1802000/-<br>(9.9% Below)<br>കരാറുകാരൻ - ശ്രീ. ദിനേഷ്.വി, തേനാരി<br>എഗ്രിമെന്റ് നം- 132/20-21/18.02.21<br>അളവു പുസ്തകം - 399/19-20, 141/22-23<br>പൂർത്തീകരണ കാലാവധി - 11മാസം | 1.03.2021 | 30.11.21 | 20.09.22 | 54060 |

മേൽ പ്രകാരമുള്ള പിഴ 54060/-രൂപ കരാറുകാരനിൽ നിന്ന് ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം- 37/20.10.23)

## 1-39 ഇ-ടെണ്ടർ ഫീ തനതുഫണ്ടിലേക്ക് അടവാക്കേണ്ടതാണ്

അസി. എഞ്ചിനീയർ ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീ അടവാക്കുന്നതിന് ദേശസാൽകൃത ബാങ്കിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്ന് സ.ഉ.(സാധാ) നം.3186/17 ത.സ്വ.ഭ.വ, തീയ്യതി. 2-10-2017 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ അക്കൗണ്ടിൽ വരവ് വരുന്ന തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ അസി.എഞ്ചിനീയർ 2022-23 സാമ്പത്തിക വർഷം ഇ-ടെണ്ടർ നടത്തിയ വകയിൽ തനത് ഫണ്ടിൽ നാളിതു വരെ തുകകളൊന്നും വരവ് വന്നിരുന്നില്ല. ഇത്തരത്തിൽ

നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് വരവ് വരേണ്ട തുകകളുടെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-3/12.10.23) അസി.എഞ്ചിനീയറുടെ അക്കൗണ്ടിൽ (SBI, എലപ്പുള്ളി, A/c No- 00000037161899260) 2022-23 സാമ്പത്തിക വർഷം വരവ് വന്ന 73985/-രൂപ അസി.എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റുന്നതിനായി SBI, എലപ്പുള്ളിയിലേക്ക് 17.10.23ന് നിർവ്വഹണോദ്യോഗസ്ഥ കത്ത് നൽകിയത് പരിശോധനക്ക് ഹാജരാക്കിയിട്ടുണ്ട്.

2018-19 മുതൽ 2021-22 വരെയും അസി.എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവ് വന്ന ഇ-ടെണ്ടർ ഫീ തനത് ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല .കൃത്യമായ തുക പരിശോധിച്ച് ആയത് തനത് ഫണ്ട് അക്കൗണ്ടിലേക്ക് അടവാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും നിർവ്വഹണോദ്യോഗസ്ഥ ഓഡിറ്റ് അന്വേഷണത്തിന് മറുപടി സമർപ്പിച്ചിട്ടുണ്ട്.

2018-19 മുതൽ നാളിതുവരെ വരവ് വന്ന തുകകൾ തനത് ഫണ്ടിലേക്ക് അടവാക്കിയതിന്റെ വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-40 അസാധാരണ ചെലവുകൾ- പരിധി പാലിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്(ചട്ടം 3). മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% വരെ (പരമാവധി 1 ലക്ഷം രൂപ) ആണ് അസാധാരണ ചെലവ് പരിധി (ചട്ടം 4). പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്.

എലപ്പുള്ളി ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷത്തിൽ അസാധാരണ ചെലവുകൾക്ക് വേണ്ടി 168,433.00 രൂപ ചെലവഴിച്ചതായി കാണുന്നു.(അക്കൌണ്ട് കോഡ് 220710101) ഇതിനായി രജിസ്റ്റർ പരിപാലിക്കുകയോ ഈയിനത്തിലെ ചെലവുകൾ പരിധി പാലിക്കുകയോ, മേലുദ്യോഗസ്ഥർ പരിശോധിക്കുകയോ, ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി വിലയിരുത്തുകയോ ചെയ്യുന്നില്ലെന്ന് പരിശോധനയിൽ കണ്ടെത്തി.

സർക്കുലർ നം.451/എഫ്.എം.2/2015/ത.സ്വ.ഭ.വ തീയതി 17.12.2015 പ്രകാരം അസാധാരണ ചെലവുകൾക്ക് സർക്കാർ നിശ്ചയിക്കുന്ന പരിധി കർശനമായി പാലിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ കൂടുതൽ തുക ചെലവ് ചെയ്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.34/19.10.2023) കുടിവെള്ള പദ്ധതികളുടെ മെയിന്റനൻസിനായി ചെലവഴിച്ച 163990 രൂപ ILGMS അക്കൌണ്ടിംഗിലെ പരിചയക്കുറവ് മൂലം തെറ്റായി ഹെഡ് മാറി രേഖപ്പെടുത്തിയതാണെന്നും, അസാധാരണ ചെലവ് ഇനത്തിൽ 4443 രൂപ മാത്രമാണ് ഉള്ളതെന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1 ചെലവുകൾ ബുക്കുചെയ്യുന്നതിനുമുൻപ് യഥാർത്ഥ അക്കൗണ്ട് ഹെഡിൽ ഉൾപ്പെടുന്നതാണെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-41 വാഹനത്തിന്റെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിനായി സ.ഉ(എം.എസ്)നം. 170/2007/തസ്വഭവ തിയതി 30-06-2007 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, ധനകാര്യ വകുപ്പ് സർക്കുലർ നം. 41/2008/ധന തിയതി 2-8-2008 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജി.ഒ(പി)നം. 161/2006/ധന തിയതി 31-03-2006 പ്രകാരം സർക്കാർ വാഹനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുവാൻ വെഹിക്കിൾ ഹിസ്റ്ററി ബുക്ക്, വാഹനത്തിന്റെ റിപ്പയർ, സുരക്ഷ തുടങ്ങിയവയുടെ വിവരം രേഖപ്പെടുത്തുന്നതിനായി ഫോറങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് KL-09-AV 3482 ആംബുലൻസ് ഗ്രാമപഞ്ചായത്ത്, KL-09-D-9247ബൊലോറോ ആംബുലൻസ് പാലിയേറ്റീവ് കെയർ, KL-09-AW-5210 ബൊലോറോ എന്നിവയുടെ ഗ്രാമ പഞ്ചായത്തിൽ പരിപാലിച്ചു വരുന്ന രേഖകളുടെ അടിസ്ഥാനത്തിൽ നടത്തിയ വിലയിരുത്തലിന്മേലുള്ള കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

**വാഹനങ്ങളുടെ പരിപാലനച്ചെലവ്**

2022-23 വർഷത്തിൽ വാഹനങ്ങളുടെ പരിപാലനത്തിനായി ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇന്ധന ചെലവ് | റിപ്പയർ & മെയിന്റനൻസ് | ഇൻഷൂറൻസ് |
|---|---|---|
| 186,841.00 | 70,510.00 | 51,457.00 |

വാഹനത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറക്കേണ്ടതാണെന്നും ഇന്ധന ഉപയോഗത്തിന്റെ അളവ് കാര്യമായി വർദ്ധിക്കുന്ന പക്ഷം ഉപയോഗക്ഷമത പുതുക്കി നിശ്ചയിക്കേണ്ടതാണെന്നും നിശ്ചിത ഇടവേളകളിൽ സർവ്വീസിംഗ് നടത്തേണ്ടതാണെന്നും മാർഗ്ഗനിർദ്ദേശമുണ്ട്.

**ഇന്ധനത്തിന്റെ ഉപയോഗക്ഷമത പരിശോധിക്കൽ**

ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ നിന്നും സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ് എന്ന് വ്യവസ്ഥയുണ്ട്. ലോഗ് ബുക്ക് പ്രകാരം വാഹനങ്ങളുടെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടില്ല എന്ന് കാണുന്നു.

ഫ്യുവൽ ടെസ്റ്റ് സമയബന്ധിതമായി നടത്താത്തതിനാൽ വാഹനത്തിന്റെ മൈലേജ് ഗണ്യമായി കുറയുന്നുണ്ടോ എന്നും ഇന്ധനത്തിന്റെ ഉപയോഗം വർദ്ധിക്കുന്നുണ്ടോ എന്നും അറിയുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്.

**വാഹന പുക ടെസ്റ്റ്**

വാഹനങ്ങളുടെ പുക ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തിയതിന്റെ രേഖകൾ ലോഗ്ബുക്കിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

ജി.ഒ(പി)നം. 161/2006/ധന തിയതി 31-03-2006 പ്രകാരം നിശ്ചിയിച്ചിട്ടുള്ള മാതൃകയിൽ വാഹനത്തിന്റെ വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിച്ചിട്ടില്ല.

പ്രതിമാസ, വാർഷിക സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനാൽ ഓരോ വർഷവും എത്ര ലിറ്റർ ഇന്ധനമാണ് ഉപയോഗിച്ചിട്ടുള്ളതെന്ന് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. കൂടാതെ ഇന്ധനക്ഷമതാ ടെസ്റ്റ് നടത്താത്തതിനാൽ ഇന്ധന ക്ഷമതയുടെ കൃത്യത ഉറപ്പാക്കുവാനും സാധിച്ചിട്ടില്ല. ലോഗ് ബുക്കിൽ വാഹനത്തിന്റെ കസ്റ്റോഡിയൻ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.33/19.102023) നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്നും, വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിക്കുന്നതാണെന്നും, മൈലേജ് ടെസ്റ്റ്, ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് എന്നിവ സമയ ബന്ധിതമായി ചെയ്യുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തെരുവു വിളക്ക് മെയിന്റനൻസ് - കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കിയതുമൂലം 116191 രൂപയുടെ നഷ്ടം

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവു വിളക്കുകളുടെ മെയിന്റനൻസിനായി സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്ട് രൂപീകരിക്കുകയും 14.12.2022 ന് ടെണ്ടർ ക്ഷണിക്കുകയും, ഒറ്റ ടെണ്ടർ മാത്രം ലഭിച്ചതിനാൽ 07.01.2023 ന് റീ ടെണ്ടർ ചെയ്യുകയും 4 പേർ ടെണ്ടറിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. പ്രൊജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | 217/23 സ്ട്രീറ്റ് ലൈറ്റ് വാങ്ങലും സ്ഥാപിക്കലും |
| അടങ്കൽ | 500000 രൂപ - തനതു ഫണ്ട് |
| ചെലവ് | 300000 രൂപ |
| വൗച്ചർ നം. | 22201084/31.03.23- 294000 രൂപ |

| | |
|---|---|
| | 22201078/31.03.23-3000 രൂപ |
| | 22201079/31.03.23-3000 രൂപ |
| കരാറുകാരൻ | എലപ്പുള്ളി റൂറൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റി |

സ.ഉ(പി)നം.07/2019/SPD തിയതി 26-04-2019 പ്രകാരം 25000 രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾ (കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെ) നടത്തുമ്പോൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM (Government E Marketplace) ൽ സാധനങ്ങൾ ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതും GeM ൽ ലഭ്യമായവ GeM മുഖേന നിർബന്ധമായും വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന് ആവശ്യമായ ഉപകരണങ്ങൾ GeM ൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ടെണ്ടർ മുഖാന്തിരം വാങ്ങുന്നതിന് ഭരണ സമിതി തീരുമാനിച്ചു. എന്നാൽ GeM ൽ പരിശോധിച്ചതിന്റെ യാതൊരുവിധ രേഖകളും ഫയലിൽ ഇല്ല. ഗ്രാമപഞ്ചായത്ത് ടെണ്ടറിൽ ആവശ്യപ്പെട്ട സ്പെസിഫിക്കേഷനും വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച നിരക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | ഏഷ്യൻ മാർക്കറ്റിംഗ്, വാഴക്കോട്, മലപ്പുറം Golden Plus, BIS ISO | എലപ്പുള്ളി റൂറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി Crompton | റിതു ഏജൻസീസ് കടമ്പഴിപ്പുറം | New Cable Point Thrissur Lukker |
|---|---|---|---|---|
| LED Bulb 12 Watts | 119 | 219 | 149 | 125 |
| LED Bulb 15 Watts | 129 | 244 | 216 | 135 |
| LED Bulb 18 Watts | 174 | 330 | 236 | 205 |
| LED Bulb 20watts | 235 | 354 | 310 | 205 |
| LED Bulb 45watts | 540 | 785 | 780 | 1420 |
| LED Bulb 70watts | 1650 | 3681 | 1300 | 2060 |
| LED Bulb100watts | 2450 | 5970 | 1410 | 2500 |
| LEDPanel24watts | 170 | 1560 | 162 | 1285 |
| LED Panel36watts | 270 | 2238 | 190 | 1680 |
| DCDrive 24 Watts | 170 | 678 | 214 | 730 |
| DCDrive 36 Watts | 270 | 950 | 246 | 690 |
| LED Tube 20watts | 170 | 244 | 185 | 160 |
| Pendant Holder | 24 | 40 | 22 | 13 |
| Pvc Lamp Shade | 35 | 50 | 28 | 15 |
| ട്യൂബ് 40 Watts | 48 | 75 | - | 65 |
| Tube Light Chock40 Watts | 145 | 165 | - | 125 |

ടെണ്ടർ സമർപ്പിച്ച എല്ലാ സ്ഥാപനങ്ങളും ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമാണ് നിരക്ക് കാണിച്ചിരിക്കുന്നത്. ടെണ്ടർ സ്പെസിഫിക്കേഷനിൽ റീ പ്ലേസ്മെന്റ് വാറണ്ടി, സാമ്പിൾ ഹാജരാക്കുക, ISO/ISI സർട്ടിഫിക്കറ്റ് എന്നിവ ആവശ്യപ്പെട്ടിരുന്നില്ല.

സ.ഉ (കൈ)നം.115/2022/ത.സ്വ.ഭ.വ തീ 28.05.2022 പ്രകാരം പുറപ്പെടുവിച്ച 14-ാം പഞ്ചവത്സര പദ്ധതി യുടെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.20പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത

മാർഗരേഖയിൽ വാങ്ങലിന്റെ ആവശ്യം തിരിച്ചറിഞ്ഞ് സ്പെസിഫിക്കേഷൻ തയ്യാറാക്കേണ്ടതും ആയത് പ്രകാരം വാങ്ങൽ പദ്ധതി അന്തിമമാക്കുകയും ചെയ്യേണ്ടതിന്റെ പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്.
18.01.2023 ലെ 1-ാം നമ്പർ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാന പ്രകാരം റിതു ഏജൻസീസ് വിതരണം ചെയ്യുന്ന സാധനങ്ങളുടെ പേര് വിവരം ഉൾക്കൊള്ളിച്ചിട്ടില്ല, എറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയത് ഏഷ്യൻ മാർക്കറ്റിംഗ്, വാഴക്കോട്, മലപ്പുറം എന്ന സ്ഥാപനം ആണെങ്കിലും പ്രസ്തുത സ്ഥാപനം വിതരണം ചെയ്യുന്നത് സ്ഥാപനത്തിന്റെ സ്വന്തം ബ്രാൻഡ് ആണെന്നും അപ്രകാരം വിലകുറഞ്ഞ സാമഗ്രികൾ വാങ്ങുന്നത് മൂലം കേടാകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടെന്നും ആയതിന്റെ പശ്ചാത്തലത്തിലാണ് നിലവിൽ ടെണ്ടർ നടത്തേണ്ട സാഹചര്യം ഉണ്ടായതെന്നും യോഗം വിലയിരുത്തി. (പ്രസ്തുത സ്ഥാപനത്തിൽ നിന്ന് മുൻ വർഷങ്ങളിൽ പർച്ചേസ് നടത്തിയിട്ടില്ല) ആയതിനാൽ പ്രസ്തുത രണ്ട് സ്ഥാപനങ്ങളുടെ ടെണ്ടർ പരിഗണിക്കേണ്ടതില്ലെന്നും, തുടർന്ന് കുറവ് രേഖപ്പെടുത്തിയ New Cable Point Thrissur എന്ന സ്ഥാപനം സമർപ്പിച്ച Luker LED ബൾബിന് 1 വർഷത്തെ Manufacturing Defect Warranty മാത്രമേ ഉള്ളൂ എന്നതിനാലും, ഏറ്റവും ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ ഏലപ്പുള്ളി റൂറൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റി വിതരണം ചെയ്യാം എന്ന് സമ്മതിച്ച LED ബൾബ് Crompton ബ്രാന്റ് ആകയാലും 1 വർഷത്തെ Replacement Warrenty ഉള്ളതും യോഗം വിലയിരുത്തി, തെരുവു വിളക്കുകൾ കത്തിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാൽ ഏറ്റവും കൂടിയ നിരക്ക് ആണെങ്കിലും മികച്ച ബ്രാൻഡായ Crompton ബൾബ് വിതരണം ചെയ്യുന്ന എലപ്പുള്ളി റൂറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ടെണ്ടർ അംഗീകരിച്ച് സാമഗ്രികൾ വാങ്ങുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. 28.01.2023 ലെ 5(2) നം.ഭരണസമിതി തീരുമാന പ്രകാരം ഏലപ്പുള്ളി റൂറൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ടെണ്ടർ അംഗീകരിച്ചു.
ടെണ്ടർ സ്പെസിഫിക്കേഷനിൽ പറയാത്ത യാതൊരു കാരണങ്ങളും ചൂണ്ടികാണിച്ച് കുറവ് നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കാൻ പാടുള്ളതല്ല. ബൾബുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സാങ്കേതിക പരിശോധന റിപ്പോർട്ട് ഇല്ല. പ്രൊക്യൂർമെന്റ് മാർഗരേഖയിൽ സ്പെസിഫിക്കേഷനിൽ ബ്രാന്റ് നെയിം ഒഴിവാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിരിക്കെ ഏറ്റവും കൂടിയ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനം മികച്ച ബ്രാന്റ് ക്വാട്ട് ചെയ്തിട്ടുണ്ട് എന്നതിനാൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനങ്ങളുടെ ടെണ്ടർ നിരസിച്ചത് മാർഗരേഖയുടെ ലംഘനമാണ്. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കിയതു മൂലം ഗ്രാമപഞ്ചായത്തിന് താഴെപറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
22201084/31.03.23- 294000 രൂപ, ഇൻവോയ്സ് നം.04/17.03.23-300100 രൂപ

| ക്രമ നം. | ഇനം | ബിൽ പ്രകാരം നൽകിയ തുക | കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയതു പ്രകാരം നൽകേണ്ടത് | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | LED Bulb 18 Watts | 330X571 = 188430 | 174X 571= 99354 | 89076 |
| 2 | LED Bulb 15 Watts | 244X101= 24644 | 129X101=13029 | 11615 |
| 3 | പെൻഡന്റ് ഹോൾഡർ | 40X500= 20000 | 24X500=12000 | 8000 |
| 4 | പി.വി.സി.ലാമ്പ് ഷെയ്ഡ് | 50X500= 25000 | 35X500=17500 | 7500 |
| 5 | ആകെ | 258074 | 141883 | 116191 |

ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കി ഉയർന്ന നിരക്കിലുള്ള ടെണ്ടർ മുഖാന്തിരം സാധനങ്ങൾ വാങ്ങിയതുമൂലം 116191 രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/16.10.23) നൽകിയ മറുപടി ചുവടെ ചേർക്കുന്നു.
"എലപ്പുള്ളി ഗ്രാമപഞ്ചായത്തിൽ നിലവിൽ 1353 ഇലക്ട്രിക് പോസ്റ്റുകളാണ് നിലവിലുള്ളത് 2016-17 വർഷം മുതൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലും റിപ്പയറിംഗിനുമായി താഴെ പറയുന്നപ്രകാരം തുകകൾ ചെലവഴിച്ചിരുന്നുവെങ്കിലും ഗ്രാമപഞ്ചായത്തിന്റെ മിക്കഭാഗങ്ങളിലും തെരുവു വിളക്കുകൾ കത്തുന്നില്ല എന്നപരാതി വ്യാപകമായിരുന്നു.

| വർഷം | തുക (രൂപ) |
|---|---|
| 2016-17 | 374884 |
| 2018-19 | 1360380 |

| | |
|---|---|
| 2019-20 | 1369495 |
| 2020-21 | 536423 |

ഗുണനിലവാരം ഇല്ലാത്ത ബൾബുകൾ കത്താത്ത സാഹചര്യം ഉണ്ടെന്ന് ഗ്രാമസഭകളിൽ നിന്ന് പരാതി വരുകയും, പൊതുജനങ്ങൾ കളക്ടർക്ക് പരാതി നൽകുകയും ചെയ്തിരുന്നു. മുൻവർഷങ്ങളിൽ കരാർ എടുത്തിരുന്ന കമ്പനിയുടെ നിസ്സഹകരണവും, GeM പോർട്ടലിൽ തൻകാലയളവിൽ മികച്ച സാമഗ്രികൾ ലഭ്യമായിരുന്നില്ല. മുൻവർഷങ്ങളെ അപേക്ഷിച്ച് ഗുണമേന്മയുള്ള സാമഗ്രികൾ സപ്ലൈ ചെയ്യുന്നതിനായിരുന്നു ഭരണസമിതി പ്രാധാന്യം കല്പിച്ചിരുന്നത്. ടെണ്ടറിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയത് ഏഷ്യൻ മാർക്കറ്റിംഗ്, വാഴക്കോട്, മലപ്പുറം എന്ന സ്ഥാപനം ആണെങ്കിലും പ്രസ്തുത സ്ഥാപനം എൽ.ഇ.ഡി ബൾബുകൾക്ക് മാത്രമേ 4KV Surge Protection 1 വർഷത്തെ വാറണ്ടി വാഗ്ദാനം ചെയ്തിരുന്നുള്ളൂ. New Cable Point Thrissur എന്ന സ്ഥാപനം സമർപ്പിച്ച Luker LED ബൾബിന് 1 വർഷത്തെ Manufacturing Defect Warranty മാത്രമേ ഉള്ളൂ എന്നതിനാലും, ദർഘാസ് സംബന്ധമായ എല്ലാ നടപടിക്രമങ്ങളും ഗ്രാമപഞ്ചായത്തിന്റെ തീരുമാനത്തിന് വിധേയമായിരിക്കും എന്നും, ദർഘാസുകൾ നിരസിക്കാനുള്ള അവകാശം പഞ്ചായത്തിന് ഉണ്ടെന്ന് ദർഘാസ് പരസ്യത്തിൽ വ്യക്തമായി നിഷ്കർഷിച്ച സാഹചര്യത്തിലും, ഏറ്റവും ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ ഏലപ്പുള്ളി റൂറൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റി വിതരണം ചെയ്യാം എന്ന് സമ്മതിച്ച LED ബൾബ് Crompton ബ്രാന്റ് ആകയാലും 1 വർഷത്തെ Replacement Warrenty ഉള്ളതിനാലും ആണ് 28.01.2023 ലെ 5(2) നം തീരുമാന പ്രകാരം ലൈറ്റുകൾ വാങ്ങിയതെന്നും, തന്മൂലം പൊതുജനങ്ങൾക്ക് ഗുണം മാത്രമേ ഉണ്ടായിട്ടുള്ളൂ എന്ന് വസ്തുതയാണ് "

പ്രസ്തുത മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. പ്രൊക്യൂർമെന്റ് മാർഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ടെണ്ടർ സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്താത്ത കാരണങ്ങൾ ചൂണ്ടിക്കാണിച്ച് കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ ഒഴിവാക്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. കുറഞ്ഞ നിരക്ക് ഒഴിവാക്കിയതുമൂലം പഞ്ചായത്തിനുണ്ടായ 116191 രൂപയുടെ നഷ്ടം 28.01.2023 ലെ യോഗത്തിൽ പങ്കെടുത്ത ഭരണസമിതി അംഗങ്ങളിൽനിന്നും, സെക്രട്ടറിയിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

* തുക അടവാക്കി രസീതിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
* വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് മാർഗരേഖ കർശനമായി പാലിക്കേണ്ടതാണ്.
* ആവശ്യകത ഉറപ്പുവരുത്തി മാത്രം ലൈറ്റുകൾ വാങ്ങേണ്ടതാണ്.

**3-2 മെർക്കുറി ലൈറ്റുകൾ മാറ്റി എൽ.ഇ.ഡി ലൈറ്റാക്കി മാറ്റൽ - കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കിയതുമൂലം 126300 രൂപയുടെ നഷ്ടം**

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 79 മെർക്കുറി ലൈറ്റുകൾ മാറ്റി എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്ട് രൂപീകരിക്കുകയും 14.12.2022 ന് ടെണ്ടർ ക്ഷണിക്കുകയും, ഒറ്റ ടെണ്ടർ മാത്രം ലഭിച്ചതിനാൽ 07.01.2023 ന് റീ ടെണ്ടർ ചെയ്യുകയും 4 പേർ ടെണ്ടറിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. പ്രൊജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | 223/23 മെർക്കുറി ലൈറ്റുകൾ മാറ്റി എൽ.ഇ.ഡി ലൈറ്റാക്കി മാറ്റൽ |
| അടങ്കൽ | 300000 രൂപ - ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 300000 രൂപ |
| ബിൽ നം. | 423/24.03.23- 276000 രൂപ |
| | 424/24.03.23-24000 രൂപ |
| കരാറുകാരൻ | എലപ്പുള്ളി റൂറൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റി |

